VOL NO: 06 I ISSUE 34
www.nerpatham.com
mail@nerpatham.com
2022 AUGUST 20 I ₹10

# നേർപഥം

വാരിക



## ലൈംഗിക അരാജകത്വത്തിനെതിരെ ഇസ്‌ലാമിന്റെ ഉറച്ച ശബ്ദം

സംസ്കാര നിർമിതിയുടെ വളർത്തുനിലങ്ങളാണ് വിദ്യാലയങ്ങളെങ്കിൽ അതിലെ വെള്ളവും വളവുമാണ് പാഠപുസ്തകങ്ങൾ. അക്ഷരപ്പിച്ചയുടെ വെള്ളിവെളിച്ചം വിതറുന്ന കുരുന്നു തലച്ചോറുകളിൽ പരീക്ഷണങ്ങളുടെ 'അന്തകവിത്തി'റക്കാൻ കരുത്തും കഴിവുമുള്ള ഭരണകൂടം തയ്യാറാകുമെന്ന് കരുതുക വയ്യ!


# ജെൻഡർ ന്യൂട്രാലിറ്റി: പൊതുവിദ്യാലയങ്ങൾ പരീക്ഷണശാലകളാകുമ്പോൾ

|| ഹിറായിലെ ആദ്യാക്ഷരങ്ങൾ!

|| സലഫീ പ്രബോധനം മർമബോധത്തോടെയുള്ളത്

|| മഴയും മേഘങ്ങളും: വിസ്മയകരമായ ക്വുർആൻ വചനങ്ങൾ

# പുറത്തിറങ്ങി...




WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0291

# നേർപഥം
വാരിക

2022 ആഗസ്റ്റ് 20
1444 മുഹർറം 21
പുസ്തകം 06 / ലക്കം 34






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






**05**
മുഖമൊഴി
മകനേ, മാപ്പ്!

**06**
ലേഖനം
ലൈംഗിക അരാജകത്വത്തിനെതിരെ ഇസ്‌ലാമിന്റെ ഉറച്ച ശബ്ദം
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**16**
കവിത
മരണവീട്
സുലൈമാൻ പെരുമുക്ക്

**17**
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

**18**
പുനർവായന
സലഫീ പ്രബോധനം മർമബോധത്തോടെയുള്ളത്
കെ. പി. മുഹമ്മദ് ബിൻ അഹ്മദ്

**25**
മധുരം ജീവിതം
പ്രതിഫലനാളിന്റെ ഉടമസ്ഥൻ
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

**26**
ലേഖനം
മഴയും മേഘങ്ങളും: വിസ്മയകരമായ ക്വുർആൻ വചനങ്ങൾ
ഡോ. ടി. കെ യൂസുഫ്

**30**
ലേഖനം
ഹിറായിലെ ആദ്യാക്ഷരങ്ങൾ!
അബ്ദുൽ മാലിക് മൊറയൂർ

**32**
ചരിത്രപഥം
ഇബ്നുൽ ജൗസി
സഹൽ മങ്കട,
ജാമിഅ അൽഹിന്ദ്

**34**
കവിത
കോണി
അബൂഹനൂൻ

# വെല്ലുവിളികളെ തിരിച്ചറിയുന്ന പ്രവാസികൾക്കേ അതിജീവനം സാധ്യമാകൂ: ഇ.ടി മുഹമ്മദ് ബഷീർ എം.പി

വേങ്ങര: അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഗ്ലോബൽ സങ്കൽപങ്ങളിലെ വെല്ലുവിളികളെ തിരിച്ചറിയുന്ന പ്രവാസികൾക്കേ അതിജീവനം സാധ്യമാകൂ എന്ന് ഇ.ടി മുഹമ്മദ് ബഷീർ എം.പി അഭിപ്രായപ്പെട്ടു. വേങ്ങര മിനി ഊട്ടിയിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച പ്രവാസി സംഗമം 'ഗ്ലോബൽ ഇസ്‌ലാഹി മീറ്റ്' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആഗോളതലത്തിൽ വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യവിഭവശേഷിയോടൊപ്പം സാങ്കേതിക പരിജ്ഞാനവും ഉള്ളവർക്കേ പിടിച്ചുനിൽക്കാൻ സാധിക്കൂ എന്നത് നാം തിരിച്ചറിയണം. മതനിരാസത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനങ്ങൾ ആഗോള തലത്തിൽ വർധിച്ചുവരുന്ന സാഹചര്യത്തിൽ വൈജ്ഞാനിക മുന്നേറ്റത്തിലൂടെ പ്രതിരോധം തീർക്കാൻ നമുക്ക് കഴിയ ണമെന്നും അദ്ദേഹം പറഞ്ഞു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ച സംഗമം; വിദേശ രാജ്യങ്ങളിലെ തൊഴിൽ മേഖലയിൽ ഇന്ത്യക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എംബസികൾ കേന്ദ്രീകരിച്ച് അതിവേഗ നടപടിക്കുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു.

വിമാനയാത്രാ ചാർജിലെ അനിയന്ത്രിതമായ വർധനവിനും തൊഴിൽ മേഖലകളിലെ ചൂഷണങ്ങൾക്കും അറുതിവരുത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ, നിശ്ചിത കാലയളവിൽ പ്രവാസികളായവരുടെ മക്കൾക്ക് സംവരണം കൊണ്ടുവരണം. പ്രവാസികൾക്ക് ക്ഷേമപെൻഷനും സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള സഹായവും ചികിത്സാ മാർഗനിർദേശങ്ങളും സഹായങ്ങളും ഏർപ്പെടുത്തണമെന്നും പ്രവാസി മീറ്റ് ആവശ്യപ്പെട്ടു. പ്രവാസികളുടെ മാനസികാരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയിൽ കൃത്യമായ മാർഗനിർദേശങ്ങൾ ലഭിക്കാൻ എംബസികൾ കേന്ദ്രീകരിച്ച് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തണം.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറ പ്പൂർ, അബൂബക്കർ സലഫി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, ദമ്മാം പ്രവിശ്യയിലെ മതകാര്യവകുപ്പ് മലയാളവിഭാഗം മേധാവി അബ്ദുൽ ജബ്ബാർ അബ്ദുല്ല മദീനി, ത്വയ്ബ യൂണിവേഴ്സിറ്റി അസി. പ്രൊഫ. ഡോ. യാസിർബിൻ ഹംസ, ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, പ്രൊഫ. ഹാരിസ്ബ്നു സലീം, സുഫ്‌യാൻ അബ്ദുസ്സലാം എന്നിവർ പ്രസംഗിച്ചു.

ജുബൈൽ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ പ്രസിഡന്റ് അർഷദ് ബിൻ ഹംസ, ഡോ. മുഹമ്മദ് ശഹീർ, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഡോ. അബ്ദുൽ മാലിക്, ശമീൽ മഞ്ചേരി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

സംഗമത്തോടനുബന്ധിച്ച് നടന്ന ലീഡേഴ്സ് മീറ്റിൽ വിവിധ ഇസ്‌ലാഹി സെന്ററുകളെ പ്രതിനിധീകരിച്ച് ശരീഫ് ഏലാങ്കോട്, യൂസുഫ് (യു.എ.ഇ), സുനാഷ് ശുക്കൂർ (കുവൈത്ത്), ഫൈസൽ സലഫി (ഖത്തർ), ഹിജാസ് (ഒമാൻ), അശ്റഫ് രാമനാട്ടുകര, മൊയ്തു അരൂർ, അഡ്വ. ഹബീബ് റഹ്മാൻ (റിയാദ്), സുനീർ പുളിക്കൽ (ജിദ്ദ), അബ്ദുൽ ഗഫൂർ പാടൂർ (ബഹ്റൈൻ) എന്നിവർ സംസാരിച്ചു.

# മകനേ, മാപ്പ്!

ഇന്ത്യ സ്വാതന്ത്ര്യം നേടിയതിന്റെ 75ാം വാർഷികം കെങ്കേമമായിത്തന്നെ രാജ്യം ആഘോഷിച്ചു. പതിവിൽ കവിഞ്ഞ ഒരാവേശം ഇത്തവണ സ്വാതന്ത്ര്യദിനം കൊണ്ടാടുന്നതിൽ ആബാലവൃദ്ധം ജനങ്ങൾ കാണിച്ചതായി തോന്നുന്നു. വിവിധ പാർട്ടിക്കാരും ക്ലബ്ബുകളുമൊക്കെ വെവ്വേറെയായി ആഘോഷിച്ചപ്പോൾ നാടും നഗരവുമൊക്കെ ഉൽസവഛായയിൽ മുങ്ങി.

നാട്ടിൽ നടന്ന ഒരു ആഘോഷത്തിൽ പങ്കെടുത്ത്, ഇന്ത്യയിലെ ജനങ്ങൾ എല്ലാ ഭിന്നതകളും മറന്ന് ഒന്നിച്ചുനിന്ന് അടരാടി സ്വാതന്ത്ര്യം നേടിയതിന്റെ ഹ്രസ്വമായ ചരിത്രവിവരണം കേട്ട് വീട്ടിൽ തിരിച്ചെത്തി പത്രം കയ്യിലെടുത്തപ്പോൾ അകപ്പേജിൽ കൊടുത്ത പെട്ടിക്കോളം വാർത്തയുടെ തലക്കെട്ടിൽ കണ്ണുകൾ ഉടക്കി: 'കുടിവെള്ള പാത്രത്തിൽ തൊട്ടു; അധ്യാപകൻ മർദിച്ച ദലിത് ബാലൻ മരിച്ചു!'

രാജസ്ഥാനിലെ ജലോർ ജില്ലയിലെ സുരാന ഗ്രാമത്തിലെ ഒരു സ്കൂളിൽ ഉയർന്ന ജാതിക്കാർക്കു വേണ്ടി കുടിവെള്ളം സൂക്ഷിച്ച പാത്രത്തിൽ തൊട്ടു എന്നാരോപിച്ചാണത്രെ അധ്യാപകൻ ഇന്ദ്രകുമാർ മേഘ്‌വാൾ എന്ന കുട്ടിയെ ക്രൂരമായി മർദിച്ചത്. കഴിഞ്ഞ മാസം 20ന് മർദനമേറ്റ കുട്ടി ഈ മാസം സ്വാതന്ത്ര്യദിന തലേന്നാണ് മരണപ്പെട്ടത്.

വാർത്ത വായിച്ചപ്പോൾ വല്ലാത്തൊരു നീറ്റൽ ഉള്ളിൽ പടർന്നുകയറുന്നതുപോലെ തോന്നി. ഈ വാർത്ത വായിച്ച, മനുഷ്യത്വം അൽപമെങ്കിലും ഉള്ളിൽ അവശേഷിക്കുന്ന ആർക്കാണ് സങ്കടപ്പെടാതിരിക്കാൻ കഴിയുക?

സ്വാതന്ത്ര്യം നേടി 75 വർഷം പിന്നിട്ടിട്ടും, ശാസ്ത്ര - സാങ്കേതിക രംഗത്ത് കുതിച്ചുചാട്ടം നടത്തിയിട്ടും, വിദ്യാഭ്യാസ രംഗത്ത് ഏറെ പുരോഗമിച്ചിട്ടും ഇന്നും ജാതീയതയുടെ അഴുക്കുവെള്ളം മനുഷ്യമനസ്സുകളിൽ കെട്ടിക്കിടക്കുകയാണ്! ആദിവാസി വിഭാഗത്തിൽപെട്ട ഒരു വനിതയെ രാജ്യത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തു എന്ന് അഹങ്കാരത്തോടെയും അഭിമാനത്തോടെയും പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് ഉയർന്ന ജാതിക്കാരുടെ കുടിവെള്ള പാത്രത്തിൽ തൊട്ടതിന്റെ പേരിൽ ഒരു ദലിത് ബാലനെ അവന്റെ ഗുരുനാഥൻ (?) തല്ലിക്കൊന്നിരിക്കുന്നത്.

ആ സ്കൂളിൽ ഉയർന്ന ജാതിക്കാർക്കു മാത്രം കുടിക്കാനായി വെള്ളപ്പാത്രം ഉണ്ടായിരുന്നുവെന്നതു തന്നെ വർത്തമാനകാല ലോകത്ത് വലിയ വാർത്തയായി മാറേണ്ടതല്ലേ? ഒരു സംസ്കൃത സമൂഹത്തിന് ചിന്തിക്കാൻ പറ്റുന്ന ഒന്നാണോ ഈ തൊട്ടുകൂടായ്മ? രാജസ്ഥാനിൽ മാത്രമല്ല, ഒട്ടുമിക്ക സംസ്ഥാനങ്ങളിലും ജാതീയത അതിന്റെ എല്ലാവിധ കരാളതയോടും കൂടി ഇപ്പോഴും നിലനിൽക്കുന്നു എന്നതാണ് യാഥാർഥ്യം. എത്രയെത്ര ഇന്ദ്രകുമാറുമാർ ജാതീയതയുടെ ചാട്ടവാറടിയേറ്റ് പുളഞ്ഞുകൊണ്ടിരിക്കുന്നുണ്ടാകും... അപൂർവം ചില വാർത്തകൾ മാത്രമാണല്ലോ പുറംലോകത്തെത്തുന്നത്.

'സ്വാതന്ത്ര്യം സഫലമാകുന്നത് രാഷ്ട്രത്തിലെ ഓരോ പൗരനും നിർഭയമായ, ആഹ്ലാദകരമായ ജീവിത സാഹചര്യം രൂപപ്പെടുമ്പോഴാണ്. വർഗ, വർണ, ജാതി, വംശ, ഭാഷ, രാഷ്ട്രീയ, ലിംഗ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യർക്കും തുല്യതയും നീതിയും ജീവിതോപാധികളും ലഭ്യമാകുന്ന ഐശ്വര്യപൂർണമായ ഒരു രാഷ്ട്രീയ ജീവിതത്തെയാണ് സ്വാതന്ത്ര്യം എന്നതുകൊണ്ടു വിവക്ഷിക്കുന്നത്' എന്ന, സ്വാതന്ത്ര്യത്തെകുറിച്ചുള്ള വിലയിരുത്തൽ ഏറെ ശ്രദ്ധേയമാണ്.

മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയാത്തവനെ മനുഷ്യനെന്നു വിശേഷിപ്പിക്കുന്നതുതന്നെ മനുഷ്യത്വവിരുദ്ധമാണ് എന്നേ പറയാനുള്ളൂ.



# ലൈംഗിക അരാജകത്വത്തിനെതിരെ ഇസ്‌ലാമിന്റെ ഉറച്ച ശബ്ദം

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
: +971 55 805 4312

മനുഷ്യനെ ഏതൊരു പ്രകൃതത്തിലാണോ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളത്, ആ പ്രകൃതത്തോട് പൂർണമായും യോജിക്കുന്നതായും അതിനെ സംരക്ഷിക്കുന്നതായും നിലക്കൊള്ളുന്ന മതമാണ് ഇസ്‌ലാം. അതുകൊണ്ടാണ് അല്ലാഹു മനുഷ്യരോട് ഇസ്‌ലാം എന്ന മതം സ്വീകരിക്കുവാൻ പറഞ്ഞിട്ടുള്ളത്.

‘നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിർത്തുക,’ കാരണം, ‘അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല.(വി,ക്വുർആൻ.30:30)

അല്ലാഹു സൃഷ്ടിച്ച് സംവിധാനിച്ച മനുഷ്യപ്രകൃതത്തോട് പൂർണമായും യോജിക്കുകയും മനുഷ്യത്വത്തെ സംരക്ഷിക്കുകയും ചെയ്യുന്ന മതമാണ് ഇസ്‌ലാം. അതുകൊണ്ടാണ് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും വലിയ ശത്രുവായ ഇബ്‌ലീസിന്റെ ഏറ്റവും വലിയ ശത്രുതാ പ്രഖ്യാപനത്തിൽ അവൻ ഇങ്ങനെ പറഞ്ഞത്:

‘ഞാനവരോട് കൽപിക്കുമ്പോൾ അവർ അല്ലാഹുവിന്റെ സൃഷ്ടി (പ്രകൃതി) അലങ്കോലപ്പെടുത്തും.’ (വി,ക്വുർആൻ.4:119)

അങ്ങനെ അല്ലാഹു നിശ്ചയിച്ച പ്രകൃതത്തെ അവർ മാറ്റിമറിക്കും. പിശാചിന്റെ ഏറ്റവും വലിയ ശ്രമങ്ങളിൽ ഒന്ന് മനുഷ്യന്റെ ഫിത്വറത്തിനെ, അഥവാ അവന്റെ പ്രകൃതത്തെ, സ്ഥായിയായ സ്വഭാവത്തെ മാറ്റി മറിക്കലാണ്.

ക്വുദ്‌സിയായ ഒരു ഹദീസിൽ അല്ലാഹു പറയുന്നു: ‘എന്റെ അടിമകളെ മുഴുവൻ ഞാൻ സൃഷ്ടിച്ചത് നേരേചൊവ്വെ നിലകൊള്ളുന്ന

വരായിട്ടാണ്. എന്നാൽ പിന്നീട് പിശാച് അവരുടെ അടുക്കൽ വരികയും ശരിയായ മതത്തിൽ നിന്ന് അവരെ തെറ്റിച്ചു കളയുകയും ചെയ്തു.'

ഈ ഹദീസിലെ പ്രയോഗത്തിൽ ശ്രദ്ധേയമായൊരു കാര്യമുണ്ട്. എന്താണത്? ആദ്യം പറഞ്ഞത്, 'എന്റെ അടിമകളെ ഞാൻ സൃഷ്ടിച്ചത് ശുദ്ധ പ്രകൃതിയിലാണ്,' എന്നാണെങ്കിൽ പിന്നെ പറയുന്നത്, 'എന്നാൽ പിശാച് അവരെ മതത്തിൽനിന്നും തെറ്റിക്കുന്നു' എന്നാണ്.

അതായത്, മനുഷ്യനെ ഏതൊരു പ്രകൃതത്തിലാണോ സൃഷ്ടിച്ചത് അതിനോട് 100% കിടപിടിക്കുന്നതും യോജിക്കുന്നതുമാണ് ഇസ്‌ലാം എന്ന മതം. ഇസ്‌ലാമിൽനിന്ന് എപ്പോഴാണോ തെറ്റിപ്പോകുന്നത് ആ വ്യക്തി മനുഷ്യപ്രകൃതത്തിൽനിന്നും തന്നെയാണ് തെറ്റിപ്പോകുന്നത്. അതുകൊണ്ടാണ് പിശാച് മനുഷ്യനെ അവന്റെ ഫിത്വ്റത്തിൽനിന്നും തെറ്റിക്കാൻ ശ്രമിക്കുന്നത്.

അതിനുവേണ്ടി പിശാച് ശ്രദ്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് സ്ത്രീപുരുഷ വ്യത്യാസത്തെ ഇല്ലാതെയാക്കുവാൻ വേണ്ടിയുള്ള ആഹ്വാനം.

**മനുഷ്യനെ ഏതൊരു പ്രകൃതത്തിലാണോ സൃഷ്ടിച്ചത് അതിനോട് 100% കിടപിടിക്കുന്നതും യോജിക്കുന്നതുമാണ് ഇസ്‌ലാം എന്ന മതം. ഇസ്‌ലാമിൽനിന്ന് എപ്പോഴാണോ തെറ്റിപ്പോകുന്നത് ആ വ്യക്തി മനുഷ്യപ്രകൃതത്തിൽനിന്നും തന്നെയാണ് തെറ്റിപ്പോകുന്നത്. അതുകൊണ്ടാണ് പിശാച് മനുഷ്യനെ അവന്റെ ഫിത്വ്റത്തിൽനിന്നും തെറ്റിക്കാൻ ശ്രമിക്കുന്നത്. അതിനുവേണ്ടി പിശാച് ശ്രദ്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് സ്ത്രീപുരുഷ വ്യത്യാസത്തെ ഇല്ലാതെയാക്കുവാൻ വേണ്ടിയുള്ള ആഹ്വാനം. ഇന്ന് ലോകത്ത് അധർമത്തെ ഇരുട്ടിന്റെ ശക്തികൾ ഏറ്റവും വലിയൊരു ഉൽബോധനമായി പ്രഖ്യാപിച്ചതിനു പിന്നിൽ എന്താണ്? സ്ത്രീപുരുഷ വ്യത്യാസം ഇല്ലാതെയാക്കുക, എന്നിട്ട് സ്ത്രീയെ പുരുഷനെപോലെ ആക്കിത്തീർക്കുക എന്നതുതന്നെ ലക്ഷ്യം!**

സ്ത്രീ-പുരുഷ വ്യത്യാസം ഇല്ലാതാക്കി സ്ത്രീയെ പുരുഷനെപ്പോലെ ആക്കുക എന്നതാണ് ഇരുട്ടിന്റെ ശക്തികൾ ഇന്ന് ഏറ്റവും വലിയ ഒരു പ്രബോധന വിഷയമായി കൊണ്ടു വന്നിട്ടുള്ളത്. എന്നാൽ അല്ലാഹു പറയുന്നു.

'ആണ് പെണ്ണിനെപ്പോലെയല്ല' (ക്വുർആൻ 3:36).

'ആൺ, പെൺ എന്നീ രണ്ട് ഇണകളെ അവനാണ് സൃഷ്ടിച്ചതെന്നും...' (53:45).

ആണ് ആണിന് ഇണയല്ലെന്നും, പെണ്ണ് പെണ്ണിന് ഇണയല്ലെന്നും ആണും പെണ്ണും തമ്മിലാണ് ഇണയെന്നും അതല്ലാത്തതൊന്നും അല്ലാഹുവിന്റെ സൃഷ്ടിവ്യവസ്ഥയിൽ ഇല്ലെന്നും അല്ലാഹു വ്യക്തമാക്കുന്നു.

അല്ലാഹു പറയുന്നു: "നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 30:21)

ഇതെല്ലാം സ്ത്രീയും പുരുഷനും ഇണയാകുമ്പോൾ മാത്രമാണ് ഉണ്ടാവുന്നത്, അല്ലാത്തതെല്ലാം കേവലം പൈശാചികമായ വികാരം മാത്രമാണ്. സമൂഹത്തിനത് യാതൊരു ഗുണവും ചെയ്യുകയില്ല. മാത്രമല്ല, ഇണകളായി സൃഷ്ടിച്ചതിന്റെ ഏറ്റവും വലിയ ലക്ഷ്യങ്ങളിലൊന്ന് നമ്മിൽനിന്നുതന്നെ തലമുറകളുണ്ടായി വരണം എന്നതാണ്. അത് സ്ത്രീയും പുരുഷനും ഇണചേർന്നാലേ നടക്കൂ.

പിശാച് മനുഷ്യർക്കിടയിൽ വലിയ ശ്രമങ്ങൾ നടത്തിയെങ്കിലും ശുദ്ധപ്രകൃതിയിലായിരുന്ന ആദ്യതലമുറയിൽ പിശാചിന് വലിയ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞില്ല. എന്നാൽ പിന്നീട്, ലൂത്വ് നബി(അ)യുടെ സമൂഹം മുതലാണ് സ്ത്രീ സ്ത്രീയെയും, പുരുഷൻ പുരുഷനെയും ഇണയായി കാണുന്ന ഒരു സ്വഭാവം ഉടലെടുത്തത്.

അല്ലാഹു പറയുന്നു: "ലൂത്വിനെയും (നാം അയച്ചു). അദ്ദേഹം തന്റെ ജനതയോട്, നിങ്ങൾക്ക് മുമ്പ് ലോകരിൽ ഒരാളുംതന്നെ ചെയ്തിട്ടില്ലാത്ത ഈ നീചവൃത്തിക്ക് നിങ്ങൾ ചെല്ലുകയോ എന്ന് പറഞ്ഞ സന്ദർഭം (ഓർക്കുക)" (ക്വുർആൻ 7:80).


ലൂത്വ് നബി(അ) തന്റെ ജനതയോട് ചോദിച്ചു: "സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുത്ത് തന്നെ നിങ്ങൾ കാമവികാരത്തോടെ ചെല്ലുന്നു. അല്ല, നിങ്ങൾ അതിരുവിട്ട് പ്രവർത്തിക്കുന്ന ഒരു ജനതയാകുന്നു" (ക്വുർആൻ 7:81).

മുൻ സമൂഹങ്ങൾക്ക് പരിച

യമില്ലാത്ത ആ നീചവൃത്തിക്ക് ആരംഭം കുറിച്ച ആ സമൂഹത്തെ അല്ലാഹു ശിക്ഷിച്ചത് എങ്ങനെയാണ്? ശക്തമായ ഭൂകമ്പമുണ്ടായി. അതോടൊപ്പം അല്ലാഹു അവരെ ആകാശലോകത്തേക്ക് ഉയർത്തി. പിന്നീട് കീഴ്മേൽ മറിച്ചു. അതിനു ശേഷം വലിയ തീമഴ അവരുടെ നേരെ അല്ലാഹു വർഷിപ്പിച്ചു. അങ്ങനെ ആ സമൂഹത്തെ അല്ലാഹു വേരോടെ നശിപ്പിച്ചു കളഞ്ഞു. കാരണം, അല്ലാഹു നിശ്ചയിച്ച ഫിത്്റത്തിൽ വലിയ മാറ്റം വരുത്തുന്ന പ്രവർത്തനമാണ് അവർ ചെയ്തത്.

പിശാചിന്റെ സൈന്യങ്ങൾ നാനാഭാഗങ്ങളിൽനിന്നും സ്ത്രീ-പുരുഷ വ്യത്യാസം ഇല്ലാതെയാക്കാൻ കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തും. ആദ്യം പുരുഷനെ പോലെ സ്ത്രീക്കും അവകാശങ്ങൾ വേണമെന്ന് പറയുന്ന ഫെമിനിസത്തിന്റെ ആളുകളായിരുന്നെങ്കിൽ, പിന്നീട് അത് ഒന്നുകൂടി മുന്നോട്ട് പോയി സ്ത്രീയും പുരുഷനും തമ്മിൽ വലിയ വ്യത്യാസമില്ല; വസ്ത്രത്തിലും സ്വഭാവത്തിലും മറ്റുമൊക്കെ അവർക്ക് ഒരേ രീതി സ്വീകരിക്കാമെന്ന് പറയുന്ന ജെൻഡർ ന്യൂട്രാലിറ്റിയിലെത്തി.

**പിശാച് മനുഷ്യർക്കിടയിൽ വലിയ ശ്രമങ്ങൾ നടത്തിയെങ്കിലും ശുദ്ധപ്രകൃതിയിലായിരുന്ന ആദ്യതലമുറയിൽ പിശാചിന് വലിയ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞില്ല. എന്നാൽ പിന്നീട്, ലൂത്വ് നബി(അ) യുടെ സമൂഹം മുതലാണ് സ്ത്രീ സ്ത്രീയെയും, പുരുഷൻ പുരുഷനെയും ഇണയായി കാണുന്ന ഒരു സ്വഭാവം ഉടലെടുത്തത്. മുൻ സമൂഹങ്ങൾക്ക് പരിചയമില്ലാത്ത ആ നീചവൃത്തിക്ക് ആരംഭം കുറിച്ച ആ സമൂഹത്തെ അല്ലാഹു ശിക്ഷിച്ചത് എങ്ങനെയാണ്? ശക്തമായ ഭൂകമ്പമുണ്ടായി. അതോടൊപ്പം അല്ലാഹു അവരെ ആകാശലോകത്തേക്ക് ഉയർത്തി. പിന്നീട് കീഴ്മേൽ മറിച്ചു. അതിനു ശേഷം വലിയ തീമഴ അവരുടെ നേരെ അല്ലാഹു വർഷിപ്പിച്ചു. അങ്ങനെ ആ സമൂഹത്തെ അല്ലാഹു വേരോടെ നശിപ്പിച്ചു കളഞ്ഞു.**



ഇപ്പോൾ അത് സ്ത്രീക്ക് സ്ത്രീയെയും പുരുഷന് പുരുഷനെയും കല്യാണം കഴിക്കാം എന്നൊരു അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. അവിടെ ഇസ്ലാമിക സമൂഹത്തെ സംബന്ധിച്ചിടത്തോളം അല്ലാഹു വളരെ വ്യക്തമായ സംരക്ഷണവും നിയമങ്ങളും നൽകുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവണതയിലേക്ക് നയിക്കുന്ന മാർഗങ്ങളെ പോലും നബി(സ്വ) അടച്ചുകളഞ്ഞതായി കാണാം.

നബി(സ്വ) പറഞ്ഞു: "പുരുഷനെ പോലെ തശബ്ബുഹ് കാണിക്കുന്ന (അനുകരിക്കുന്ന) സ്ത്രീകളെയും, സ്ത്രീകളെ പോലെയാകാൻ വേണ്ടി ശ്രമിക്കുന്ന പുരുഷനെയും അല്ലാഹു ശപിച്ചിരിക്കുന്നു."

കേവലം ബാഹ്യമായ വസ്ത്ര




ധാരണ രീതിയിലും സ്വഭാവത്തിലുമുള്ള സാദൃശ്യപ്പെടലാണ് ഇതിൽ ഉദ്ദേശിച്ചിരിക്കുന്നത്.

പുരുഷന്റെ വേഷം ധരിക്കുന്ന സ്ത്രീയെയും സ്ത്രീയുടെ വേഷം ധരിക്കുന്ന പുരുഷനെയും നബി(സ്വ) ശപിച്ചതായും ഹദീസുണ്ട്. അല്ലാഹുവിന്റെ റസൂൽ(സ്വ) ശപിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ അല്ലാഹു ശപിച്ചിരിക്കുന്നു എന്നു തന്നെയാണ് അർഥമെന്ന് നമുക്ക് ഹദീസുകളിൽ കാണാം.

ബാഹ്യമായ രീതികളിലും ചേഷ്ടകളിലും വസ്ത്രധാരണത്തിൽ പോലുമുള്ള ഈയൊരു സാദൃശ്യപ്പെടൽ വലിയ ശാപത്തിന് കാരണമായിത്തീരുമെങ്കിൽ, അവിടെനിന്നെല്ലാം മുന്നോട്ടു പോയി; ലൈംഗികാവയവങ്ങൾ വരെ മാറ്റിവച്ച്, ശാരീരികമായിത്തന്നെ പുരുഷനായുള്ളവൻ സ്ത്രീയാവാനും, സ്ത്രീയായിട്ടുള്ളവൾ പുരുഷനാവാനും ശ്രമിക്കുന്ന ഭയാനകമായ അവസ്ഥയാണ് വന്നുചേർന്നിരിക്കുന്നത്. ഈ അവസ്ഥയിൽ നിന്ന് സമൂഹത്തെ, നമ്മുടെ മക്കളെ, നമ്മുടെ കുടുംബത്തെ, നമ്മുടെ കൂട്ടുകാരെ, നമ്മുടെ രാജ്യത്തെ സംരക്ഷിക്കേണ്ട വളരെ വലിയൊരു ഉത്തരവാദിത്തം ശുദ്ധപ്രകൃതത്തിന്റെ മതമായ ഇസ്‌ലാമിന്റെ അനുയായികൾക്കുണ്ട് എന്ന് മനസ്സിലാക്കി ജാഗ്രതയോടുകൂടി ഈ വിഷയത്തെ കാണേണ്ടതുണ്ട്.

നബി(സ്വ) പറഞ്ഞു: "എന്റെ ഉമ്മത്ത് (ഈ സമൂഹം) ആറു കാര്യങ്ങളെ നിയമവിധേയമാക്കിയാൽ ആ സമൂഹം നശിക്കും."

ആറു കാര്യങ്ങളിൽ ഒന്ന് 'പുരുഷൻ എനിക്ക് മറ്റൊരു പുരുഷൻ മതിയെന്നും, ഒരു സ്ത്രീ എനിക്ക് മറ്റൊരു സ്ത്രീ മതിയെന്നും' പറയുന്നതാണ്. അങ്ങനെയൊരു കാലഘട്ടം വരികയും സമൂഹം അത് അനുവദിച്ചുകൊടുക്കുകയും ചെയ്താൽ ആ സമൂഹം നശിച്ചതുതന്നെയെന്നാണ് അല്ലാഹുവിന്റെ ദൂതരുടെ മുന്നറിയിപ്പ്.

അല്ലാഹുവിന്റെ റസൂൽ(സ്വ) മുന്നറിയിപ്പ് നൽകിയ ഭയാനകമായ ആ കാലഘട്ടത്തിലാണ്, അല്ലെങ്കിൽ അതിന്റെ തുടക്കത്തിലാണ് നാമുള്ളത് എന്നു നാം മനസ്സിലാക്കുക. LGBT എന്ന പേരിലും മറ്റും കുത്തഴിഞ്ഞ ലൈംഗിക അരാജകത്വങ്ങളെ നിയമവൽക്കരിക്കുകയോ മനോഹരമാക്കി അവതരിപ്പിക്കുകയോ ചെയ്യുന്ന ഒരു സാഹചര്യമാണുള്ളത്. കണ്ണിനു കുളിർമയും മനസ്സിന് ആനന്ദവും നൽകുന്ന മഴവില്ല് എന്ന മനോഹരമായ കാഴ്ചയെ പോലും ലൈംഗിക വ്യത്തികേടിന്റെ മറ്റൊരു അടയാളമാക്കി അവതരിപ്പിക്കുന്ന തലതിരിഞ്ഞ ഒരു സമൂഹം! അവിടെ, നമ്മൾ നമ്മുടെ മക്കളെ സംരക്ഷിച്ചേ മതിയാകൂ.

ചാനലുകളിലൂടെ, ഗെയ്മുകളിലൂടെ, മറ്റു പ്രോഗ്രാമുകളിലൂടെ, സീരിയലുകളിലൂടെ, ബി.ടി.എസ്, ബിഗ് ബോസ് പോലുള്ള പേരുകളിൽ അറിയപ്പെടുന്ന ധാരാളം പ്രോഗ്രാമുകളിലൂടെ നമ്മുടെ വീടുകളിലേക്ക് സോഷ്യൽ മീഡിയ സംവിധാനങ്ങൾ വഴി നിഷ്കളങ്കരായ നമ്മുടെ മക്കളിലേക്ക് ഇത്തരം തോന്നിവാസങ്ങൾ കയറിവരുന്നതിനെ അതീവ ജാഗ്രത പാലിക്കൽ നമ്മുടെ ബാധ്യതയാണ്.

ശക്തമായ മലവെള്ളപ്പാച്ചിലിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി ലഭിക്കുന്ന പിടിവള്ളിയിൽ എങ്ങനെയാണോ മുറുകെ പിടിക്കുന്നത് അതിനെക്കാൾ ശക്തമായി ഇസ്‌ലാമിനെ, ക്വുർആനിനെ, പ്രവാചകന്റെ സുന്നത്തിനെ മുറുകെ പിടിച്ചാൽ മാത്രമെ നമുക്ക് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. ആ ബോധത്തോടു കൂടി നാം ഈ വിഷയത്തെ കാണുകയും മക്കളെയും സമൂഹത്തെയും ഉൽബുദ്ധരാക്കുകയും ചെയ്യുക. ■

**ചാനലുകളിലൂടെ, ഗെയ്മുകളിലൂടെ, മറ്റു പ്രോഗ്രാമുകളിലൂടെ, സീരിയലുകളിലൂടെ, ബി.ടി.എസ്, ബിഗ് ബോസ് പോലുള്ള പേരുകളിൽ അറിയപ്പെടുന്ന ധാരാളം പ്രോഗ്രാമുകളിലൂടെ നമ്മുടെ വീടുകളിലേക്ക് സോഷ്യൽ മീഡിയ സംവിധാനങ്ങൾ വഴി നിഷ്കളങ്കരായ നമ്മുടെ മക്കളിലേക്ക് ഇത്തരം തോന്നിവാസങ്ങൾ കയറിവരുന്നതിനെ അതീവ ജാഗ്രത പാലിക്കൽ നമ്മുടെ ബാധ്യതയാണ്. ശക്തമായ മലവെള്ളപ്പാച്ചിലിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ലഭിക്കുന്ന പിടിവള്ളിയിൽ എങ്ങനെയാണോ മുറുകെ പിടിക്കുന്നത് അതിനെക്കാൾ ശക്തമായി ഇസ്‌ലാമിനെ, ക്വുർആനിനെ, പ്രവാചകന്റെ സുന്നത്തിനെ മുറുകെ പിടിച്ചാൽ മാത്രമെ നമുക്ക് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. ആ ബോധത്തോടു കൂടി നാം ഈ വിഷയത്തെ കാണുകയും മക്കളെയും സമൂഹത്തെയും ഉൽബുദ്ധരാക്കുകയും ചെയ്യുക.**

കവർ സ്റ്റോറി



# ജെൻഡർ ന്യൂട്രാലിറ്റി: പൊതുവിദ്യാലയങ്ങൾ പരീക്ഷണശാലകളാകുമ്പോൾ

ഡോ. അബ്ദുല്ല ബാസിൽ സി.പി

: 87141 74330

**സംസ്കാര നിർമിതിയുടെ വളർത്തുനിലങ്ങളാണ് വിദ്യാലയങ്ങളെങ്കിൽ അതിലെ വെള്ളവും വളവുമാണ് പാഠപുസ്തകങ്ങൾ. അക്ഷരപ്പിച്ചയുടെ വെള്ളിവെളിച്ചം വിതറുന്ന കുരുന്നു തലച്ചോറുകളിൽ പരീക്ഷണങ്ങളുടെ 'അന്തകവിത്തി'റക്കാൻ കരുത്തും കഴിവുമുള്ള ഭരണകൂടം തയ്യാറാകുമെന്ന് കരുതുക വയ്യ!**

'പെൺകുട്ടികൾ പാന്റ്സ് ധരിക്കുന്നതാണോ ഇത്ര വലിയ വിഷയം? പെൺകുട്ടികൾ പാന്റ്സ് ധരിച്ചാൽ ഇവിടെ അതിനുമാത്രം പ്രശ്നമൊക്കെ ഉണ്ടാകുമോ?' ജെൻഡർ ന്യൂട്രാലിറ്റിയുമായി ബന്ധപ്പെട്ട ചർച്ചകൾ വീണ്ടും സജീവമായിരിക്കെ വിഷയത്തെ പറ്റി പ്രാഥമിക ധാരണയില്ലാത്ത പലരും ചോദിക്കുന്ന ചോദ്യമാണിത്. കേവലമൊരു, വസ്ത്രം ധരിക്കാനുള്ള സ്വാതന്ത്ര്യമുണ്ടോ ഇല്ലേ എന്ന ചർച്ചയായാണ് പലരും ഇതിനെ മനസ്സിലാക്കിയിട്ടുള്ളത്.

എന്നാൽ അതിനുമേറെ അപ്പുറത്താണ് വിഷയത്തിന്റെ ഗൗരവം എന്നതാണ് യാഥാർഥ്യം. യൂണിഫോം മാറ്റം എന്നത് കേവലം മഞ്ഞുമലയുടെ അറ്റം മാത്രമാണെന്നതാണ് യാഥാർഥ്യം. അതിനുതാഴെ നാം തിരിച്ചറിയാതെ കിടക്കുന്ന വലിയൊരു ആശയലോകമുണ്ട്. അത് ചെറിയ കുട്ടികളിലേക്ക് പാഠപുസ്തകങ്ങളിലൂടെ പകർന്നുനൽകാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. പാഠ്യപദ്ധതി ചട്ടക്കൂടുകളുമായി ബന്ധപ്പെട്ട ചർച്ചക്കായി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി പുറത്തിറക്കിയ കുറിപ്പിൽ ജെൻഡർ വിഷയത്തിലുള്ള ലിബറൽ ആശയങ്ങൾ കുട്ടികളിലേക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട ഭാഗങ്ങൾ കാണാൻ സാധിക്കും. സമീപഭാവിയിൽതന്നെ അത് പാഠപുസ്തകങ്ങളിലേക്കും പാഠ്യപദ്ധതിയി ലേക്കും കയറിവരും എന്ന സൂചന തന്നെയാണ് ഇതെല്ലാം നൽകുന്നത്.




പലപ്പോഴും ജെൻഡർ ന്യൂട്രാലിറ്റിയുമായി ബന്ധപ്പെട്ട ചർച്ചകൾ നേരത്തെ പറഞ്ഞതുപോലെ സാരിയുടെയും പാന്റ്സിന്റെയും വിഷയമെന്ന നിലയ്ക്ക് പലരും ഉപരിപ്ലവമായി മാത്രമാണ് കാണുന്നത് എന്നത് ഏറെ ദൗർഭാഗ്യകരമാണ്. എന്നാൽ ഈ വിഷയത്തെ അൽപം ഗൗരവത്തിൽ സമീപിച്ചാൽ അതല്ല യാഥാർഥ്യം എന്ന് സംശയലേശമന്യെ ബോധ്യപ്പെടും.

ഇതൊരു സൗകര്യപ്രദമായ വസ്ത്രം ധരിക്കാനുള്ള പദ്ധതിയേയല്ല! അങ്ങനെയായിരുന്നെങ്കിൽ 'കംഫർടബിൾ യൂണിഫോം' എന്ന് പേരുവച്ചാൽ മതിയായിരുന്നല്ലോ! പിന്നെ എവിടെയെയാണ് ജെൻഡർ ന്യൂട്രാലിറ്റി കടന്നുവരുന്നത്? ആണും പെണ്ണും തമ്മിലുള്ള എല്ലാ വ്യത്യാസങ്ങളെയും പൂർണമായി അപ്രസ ക്തമാക്കുക എന്ന ആശയമാണ് 'ലിംഗനിഷ്പക്ഷത.' അത് കേവലം യൂണിഫോമിലോ വസ്ത്രധാരണത്തി ലോ ഒതുങ്ങുന്നതല്ല; യൂണിസെക്സ് ടോയിലറ്റുകളിലേക്കും ജെൻഡർ ന്യൂട്രൽ പ്രോനൗണുകളിലേക്കും വരെ വ്യാപിക്കുന്ന വിശാലമായ ഒരു ആശയമാണ് അത്. അത്തരം വിശാലമായ ഒരു വിഷയത്തെയാണ് നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ കേവലമൊരു പെണ്ണിന് പാന്റ്സ് ധരിക്കാമോ എന്ന നിലയ്ക്ക് മാത്രം ചർച്ച ചെയ്യപ്പെടുന്നത്!


ഇഷ്ടമുള്ളവർക്ക് ഇഷ്ടമുള്ള വസ്ത്രം തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമല്ല ഇവിടെ അടിസ്ഥാന വിഷയം; അത് ഓരോരുത്തരുടെയും ഇഷ്ടമാണ്. ഒരാളുടെ ഇഷ്ടം തീരുമാനിക്കുന്നത് അയാളുടെ ധാർമികതയോ സംസ്കാരമോ മതമോ സ്വാതന്ത്ര്യമോ കാഴ്ചപ്പാടുകളോ എന്തുമാകാം; അതിന്റെ ശരിതെറ്റുകൾ വേറെ ചർച്ച ചെയ്യേണ്ടതും ഓരോരുത്തരും ബോധ്യങ്ങൾക്കനുസരിച്ച് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. വസ്ത്രസ്വാതന്ത്ര്യത്തിൽ ഇടപെടുകയാണ് ജെൻഡർ ന്യൂട്രൽ യൂണിഫോം അടിച്ചേൽപിക്കാനുള്ള തീരുമാനം എന്നതാണ് അത് എതിർക്കപ്പെടുന്നതിന്റെ ഒന്നാമത്തെ കാരണം.

ഇനി, ധരിക്കാനുള്ള സൗകര്യമായിരുന്നു വിഷയമെങ്കിൽ പരമാവധി സാധ്യതകൾ നോക്കുകയായിരുന്നു വേണ്ടിയിരുന്നത്. കാരണം ഓരോരുത്തരുടെയും സൗകര്യങ്ങൾ വ്യത്യസ്തമായിരിക്കും. പാന്റ്സ് ധരി ക്കുന്നത് സൗകര്യപ്രദമായി തോന്നുന്നവരുള്ളതുപോലെ അത് അസൗകര്യമായി അനുഭവപ്പെടുന്നവരും ഉണ്ടാകും. ചുരിദാറോ പർദയോ സാരിയോ ഒക്കെ ധരിക്കൽ സൗകര്യമായി അനുഭവപ്പെടുന്നവർ സമൂഹ ത്തിലുണ്ട്. സൗകര്യപ്രദമായ വസ്ത്രം ധരിക്കാനുള്ള പദ്ധതിയായിരുന്നെങ്കിൽ അതൊക്കെ അനുവദിച്ച് പരമാവധി വിശാലമാക്കുകയായിരുന്നു വേണ്ടിയിരുന്നത്. അങ്ങനെയല്ലെന്ന് മാത്രമല്ല, എല്ലാം ചുരുക്കി ഒറ്റ വസ്ത്രം എല്ലാവരിലേക്കും അടിച്ചേൽപിക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. അതിൽനിന്ന് തന്നെ പ്രശ്നം 'സൗകര്യ'മല്ല എന്നും സൗകര്യപൂർവം വേറെ ചിലത് ഒളിച്ചുകടത്താനുള്ള ശ്രമമാണ് എന്നും വ്യക്തമാണ്.

ജെൻഡർ ന്യൂട്രാലിറ്റി പലരും കരുതുന്നതുപോലെ കേവലം പെൺകുട്ടികൾ

**യൂണിഫോം മാറ്റം എന്നത് കേവലം മഞ്ഞുമലയുടെ അറ്റം മാത്രമാണെന്നതാണ് യാഥാർഥ്യം. അതിനുതാഴെ നാം തിരിച്ചറിയാതെ കിടക്കുന്ന വലിയൊരു ആശയലോകമുണ്ട്. അത് ചെറിയ കുട്ടികളിലേക്ക് പാഠപുസ്തകങ്ങളിലൂടെ പകർന്നു നൽകാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. പാഠ്യപദ്ധതി ചട്ടക്കൂടുകളുമായി ബന്ധപ്പെട്ട ചർച്ചക്കായി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി പുറത്തിറക്കിയ കുറിപ്പിൽ ജെൻഡർ വിഷയത്തിലുള്ള ലിബറൽ ആശയങ്ങൾ കുട്ടികളിലേക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട ഭാഗങ്ങൾ കാണാൻ സാധിക്കും. സമീപഭാവിയിൽതന്നെ അത് പാഠപുസ്തകങ്ങളിലേക്കും പാഠ്യപദ്ധതിയിലേക്കും കയറിവരും എന്ന സൂചന തന്നെയാണ് ഇതെല്ലാം നൽകുന്നത്.**

**പെൺകുട്ടികൾ പാന്റ്സ് ഇടുന്നതോ, അവരുടെ സൗകര്യമോ ഒന്നുമല്ല, മറിച്ച് 'എതിർവർഗ ലൈംഗിക സ്വാഭാവികത' എന്ന, നിലനിൽക്കുന്ന അവസ്ഥയും സമൂഹത്തിന്റെ പ്രതീക്ഷയും തകർക്കുക എന്നതാണ് ലക്ഷ്യം എന്ന് കൃത്യമായി എഴുതിയിരിക്കുന്നു. അഥവാ കേവലം ഒരു യൂണിഫോമിൽ ഒതുങ്ങുന്നതല്ല, മറിച്ച് എതിർവർഗ ലൈംഗികതയാണ് സ്വാഭാവികമെന്നും അതല്ലാത്ത ലൈംഗികതകളെല്ലാം അസ്വാഭാവികവുമാണെന്ന നമ്മുടെ ഹെറ്ററോനോർമേറ്റിവ് പൊതുബോധത്തെ തകർക്കുകയുമാണ് ജെൻഡർ ന്യൂട്രൽ യൂണിഫോം അടിച്ചേൽപിക്കുന്നതിന്റെ ലക്ഷ്യമെന്നർഥം. ഇത് സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് കരുതുന്നവരാണ് ജെൻഡർ ന്യൂട്രൽ യൂണിഫോമിനെ വിമർശിക്കുന്നത്.**



പാന്റ്സ് ഇടുന്നതുമായി ബന്ധപ്പെട്ട വിഷയമല്ല എന്നതിന് ഏറ്റവും വലിയ തെളിവ്, ബാലുശ്ശേരിയിൽ ഇതുമായി ബന്ധപ്പെട്ട പ്രഖ്യാപനം നിർവഹിച്ച അതേദിവസം (2021 ഡിസംബർ 15ന്) ഉന്നതവിദ്യാഭ്യസ സാമൂഹ്യനീതി വകുപ്പുകളുടെ മന്ത്രിയായ ഡോ. ആർ. ബിന്ദുവിന്റെ ടിറ്ററിലെ വരികളാണ്. അതിങ്ങനെ വായിക്കാം:

"സമത്വവും സംവേദനക്ഷമതയുംകൊണ്ട് നിർവചിക്കപ്പെട്ട ഒരു പുതിയ കേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് ഞങ്ങൾ. ഇത് നേടുന്നതിന്, ആദ്യമായി സമൂഹത്തിന്റെ എതിർവർഗ ലൈംഗിക സ്വാഭാവികതാ പൊതുബോധത്തിന്റെ (heteronormative) പ്രതീക്ഷകളുടെ ഭാരത്താൽ തടസ്സപ്പെടാത്ത ഒരു സ്വതന്ത്ര അന്തരീക്ഷത്തിൽ നമ്മുടെ വിദ്യാർഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള പ്രവേശന മാർഗം തുറന്നുകൊടുക്കണം."

എത്ര വ്യക്തമാണ് ലക്ഷ്യം! പെൺകുട്ടികൾ പാന്റ്സ് ഇടുന്നതോ, അവരുടെ സൗകര്യമോ ഒന്നുമല്ല, മറിച്ച് 'എതിർവർഗ ലൈംഗിക സ്വാഭാവികത' എന്ന, നിലനിൽക്കുന്ന അവസ്ഥയും സമൂഹത്തിന്റെ പ്രതീക്ഷയും തകർക്കുക എന്നതാണ് ലക്ഷ്യം എന്ന് കൃത്യമായി എഴുതിയിരിക്കുന്നു. അഥവാ കേവലം ഒരു യൂണിഫോമിൽ ഒതുങ്ങുന്നതല്ല, മറിച്ച് എതിർവർഗ ലൈംഗികതയാണ് സ്വാഭാവികമെന്നും അതല്ലാത്ത ലൈംഗികതകളെല്ലാം അസ്വാഭാവികവുമാണെന്ന നമ്മുടെ ഹെറ്ററോനോർമേറ്റിവ് പൊതുബോധത്തെ തകർക്കുകയുമാണ് ജെൻഡർ ന്യൂട്രൽ യൂണിഫോം അടിച്ചേൽപിക്കുന്നതിന്റെ ലക്ഷ്യമെന്നർഥം. ഇത് സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് കരുതുന്നവരാണ് ജെൻഡർ ന്യൂട്രൽ യൂണിഫോമിനെ വിമർശിക്കുന്നത്.

ജെൻഡർ ന്യൂട്രാലിറ്റി നടപ്പിലാക്കിയതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ട് എന്ന് വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടില്ല. ആണും പെണ്ണും ശാരീരികമായും മാനസികമായും മനഃശാസ്ത്രപരമായും സാമൂഹികമായും വ്യത്യസ്തകൾ ഉള്ളവരാണ്. ആ വ്യത്യസ്തകളെ പരിഗണിച്ചുകൊണ്ട് തന്നെയായിരിക്കണം അവരുടെ ഇടപെടലുകളും കടമകളും അവകാശങ്ങളും. അതിനെ പൂർണമായി നിരാകരിക്കുന്നതിലൂടെ സംഭവിക്കുന്നത് ന്യായമായ അവകാശങ്ങളും സ്വകാര്യതകളും പോലും ഇല്ലാതാവലാണ്.

'സ്ത്രീയെയും പുരുഷനെയും വ്യത്യസ്തമായി പരിഗണിച്ചതുകൊണ്ടാണ് ഇവിടെ സ്ത്രീ സംവരണങ്ങളും സ്ത്രീകൾക്ക് മാത്രമായ സ്വകാര്യ ഇടങ്ങളും അവർക്ക് മാത്രമായുള്ള പ്രസവാവധി പോലുള്ള ഇളവുകളുമെല്ലാം നിലനിൽക്കുന്നത്. പരിപൂർണമായി ജെൻഡർ ന്യൂട്രാലിറ്റി നടപ്പിലാക്കുന്നതിലൂടെ ഇതെല്ലാം തച്ചുതകർക്കപ്പെടുകയാണുണ്ടാവുക.' അവിടെയാണ് ജെൻഡർ ന്യൂട്രാലിറ്റി എന്ന് പറയുന്നത് പുരുഷന് വേണ്ടരൂപത്തിലും അവന് അനുഗുണമാകുന്ന തരത്തിലുമാണ് നടപ്പിലാക്കുന്നത് എന്ന വാദം പ്രസക്തമാകുന്നത്. കേവലം വസ്ത്രധാരണത്തിൽ നടപ്പിലാക്കപ്പെട്ടപ്പോൾ പോലും ആൺകുട്ടികൾ കാലങ്ങളായി ധരിക്കുന്ന വസ്ത്രം പെൺകുട്ടികളിൽ അടിച്ചേൽപിച്ചു എന്നതല്ലാതെ, പെൺകുട്ടികളുടെ വസ്ത്രം ആൺകുട്ടികളോടും ധരിക്കാൻ ആവശ്യപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടില്ല. അത്തരം ഒരു മറുചോദ്യം പോലും പരിഹാസ്യമായി തോന്നുന്ന 'പുരോഗമനവാദികൾ' യഥാർഥത്തിൽ സ്ത്രീവസ്ത്രങ്ങൾ എന്തോ കുറവുള്ളതാണ് എന്ന് പറയാതെ പറയുകയല്ലേ ചെയ്യുന്നത്?

ഒരുതരത്തിലുമുള്ള ഗുണങ്ങളുമില്ലെന്ന് മാത്രമല്ല, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഈയൊരു ആശയംകൊണ്ട് ഉണ്ടായിത്തീരും. അക്കാര്യം മനസ്സിലാക്കാൻ ഇത് നടപ്പിലാക്കിയ പാശ്ചാത്യൻ നാടുകളിൽ എന്ത് സംഭവിച്ചു എന്നുമാത്രം പരിശോധിച്ചാൽ മതിയാകും. കേരളത്തിൽ ഈയൊരു പരീക്ഷണത്തിന്റെ പ്രാരംഭഘട്ടം മാത്രമെ എത്തിയിട്ടുള്ളൂ. എന്നാൽ ഇത് വർഷങ്ങൾക്ക് മുമ്പേ പരീക്ഷിച്ച രാഷ്ട്രങ്ങളിലുള്ളവർ അതിന്റെ ഭവിഷ്യത്തുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. അതിൽ

ഏറ്റവും പ്രധാനമാണ് ലിംഗത്വത്തെ പറ്റി സംശയമുള്ള ഒരു തലമുറ വളർന്നുവരുന്നു എന്നത്.

അമേരിക്കയിലും യൂറോപ്യൻ നാടുകളിലും താൻ ആണാണോ പെണ്ണാണോ എന്ന് തിരിച്ചറിയാത്ത, അല്ലെങ്കിൽ അതിൽ സംശയമുള്ള കൗമാരക്കാരുടെ എണ്ണം കുത്തനെ കൂടിക്കൊണ്ടിരിക്കുകയാണ് എന്ന് ആധികാരികമായ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പുവരെ അമേരിക്കയിൽ 95% ലധികം കുട്ടികൾക്കും തങ്ങൾ ആണാണോ പെണ്ണാണോ എന്ന കൃത്യമായ ധാരണയും ബോധ്യവും ഉണ്ടായിരുന്നെങ്കിൽ, ഇന്നത് 77% ത്തിനും താഴേക്ക് എത്തിയിരിക്കുകയാണ്!. ഒരു സമൂഹത്തിന്റെ കാൽഭാഗത്തിനും തങ്ങൾ ആണാണോ പെണ്ണാണോ എന്ന സംശയം ഉണ്ടാകുന്ന അവസ്ഥയെക്കുറിച്ചൊന്ന് ആലോചിച്ചു നോക്കുക! ഒരു കുടുംബത്തിൽ പത്തു കുട്ടികളുണ്ടെങ്കിൽ രണ്ടോ മൂന്നോ കുട്ടികൾ താനാരാണെന്നോ തന്റെ സ്വത്വം എന്തെന്നോ മനസ്സിലാകാത്ത വല്ലാത്തൊരു അവസ്ഥ! ഈ കുട്ടികൾക്കാവട്ടെ വിഷാദരോഗവും മാനസിക സമ്മർദങ്ങളും സാമൂഹികവിരുദ്ധ ചിന്തകളും വലിയരൂപത്തിൽ ഉണ്ടാവുകയും ചെയ്യുന്നു.

ജനനം തൊട്ടുതന്നെ കുട്ടി തന്റെ ലിംഗത്വ സ്വത്വത്തെ ഊട്ടിയുറപ്പിക്കുന്ന ജീവിതശൈലിയും രീതികളും വസ്ത്രധാരണങ്ങളും ശീലിക്കുന്നതുകൊണ്ടാണ് നമ്മുടെ സമൂഹത്തിൽ ഇത്തരം പ്രശ്നങ്ങൾ ഇപ്പോൾ വ്യാപകമല്ലാത്തത്. എന്നാൽ ജെൻഡർ ന്യൂട്രാലിറ്റിയുടെ പേരിൽ അതെല്ലാം അപ്രസക്തമാക്കിയാൽ നമ്മുടെ നാട്ടിലും വീട്ടിലും വരാൻ പോകുന്നതും ഇത്തരം ഒരു പുതുതലമുറയായിരിക്കും എന്നതിൽ സംശയമില്ല. അതുകൊണ്ടാണ് ഇതിനെ പ്രാരംഭ ഘട്ടത്തിൽതന്നെ എതിർത്ത് തോൽപിക്കാൻ സാമൂഹിക പ്രതിബദ്ധതയുള്ളവർ രംഗത്തു




വരുന്നത്.

ഇത്രമേൽ ഭീകരമാണ് ജെൻഡർ ന്യൂട്രാലിറ്റിയുടെ മറവിൽ ഒളിച്ചുകടത്തുന്ന ലിബറൽ ജെൻഡർ പൊളിറ്റിക്സ് എന്ന് അതിന്റെ വക്താക്കൾക്ക് പോലും ധാരണയില്ല എന്നതാണ് വസ്തുത. പുരോഗമനം എന്ന പേരിൽ കൊണ്ടുവരുന്നതായതുകൊണ്ട് എന്തി

**കേവലം വസ്ത്രധാരണത്തിൽ നടപ്പിലാക്കപ്പെട്ടപ്പോൾ പോലും ആൺകുട്ടികൾ കാലങ്ങളായി ധരിക്കുന്ന വസ്ത്രം പെൺകുട്ടികളിൽ അടിച്ചേൽപിച്ചു എന്നതല്ലാതെ, പെൺകുട്ടികളുടെ വസ്ത്രം ആൺകുട്ടികളോടും ധരിക്കാൻ ആവശ്യപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടില്ല. അത്തരം ഒരു മറുചോദ്യം പോലും പരിഹാസ്യമായി തോന്നുന്ന 'പുരോഗമനവാദികൾ' യഥാർഥത്തിൽ സ്ത്രീവസ്ത്രങ്ങൾ എന്തോ കുറവുള്ളതാണ് എന്ന് പറയാതെ പറയുകയല്ലേ ചെയ്യുന്നത്? ഒരുതരത്തിലുമുള്ള ഗുണങ്ങളുമില്ലെന്ന് മാത്രമല്ല, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഈയൊരു ആശയംകൊണ്ട് ഉണ്ടായിത്തീരും. അക്കാര്യം മനസ്സിലാക്കാൻ ഇത് നടപ്പിലാക്കിയ പാശ്ചാത്യൻ നാടുകളിൽ എന്ത് സംഭവിച്ചു എന്നുമാത്രം പരിശോധിച്ചാൽ മതിയാകും.**

നെയും വാരിപ്പുൽകുക എന്നതിനപ്പുറം ഇതിന്റെ വരും വരായ്കകളെ കുറിച്ചോ പ്രശ്നങ്ങളെ കുറിച്ചോ അവർ ബോധവാന്മാരല്ല.

എല്ലാറ്റിനുമുപരി ഏറ്റവും പ്രധാനപ്പെട്ട വിഷയം ഇത് അടിച്ചേൽപിക്കുന്നത് കുട്ടികളിലാണ് എന്നതാണ്. തങ്ങളുടെ വ്യക്തിത്വവും ലോകവീക്ഷണവും രൂപപ്പെടുത്തുന്ന പ്രായത്തിൽതന്നെ ഇത്തരം അശാസ്ത്രീയവും വസ്തുതാവിരുദ്ധവുമായ ആശയങ്ങൾ അവരിൽ അടിച്ചേൽപിക്കപ്പെടുകയാണ്.

ജെൻഡർ ന്യൂട്രൽ യൂണിഫോമുകളായും മറ്റുമുള്ള പരീക്ഷണങ്ങൾക്ക് പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ ഗിനിപ്പന്നികളെ പോലെ ഇരയാവുകയാണ്. ഈ പരിഷ്കാരങ്ങളുടെ പേരിൽ കുട്ടികൾക്ക് ഭാവിയിൽ ഇപ്പറഞ്ഞ സ്വത്വപ്രതിസന്ധിയുണ്ടായാൽ അതിന്റെ ഉത്തരവാദിത്തം സർക്കാരോ ഇതിനുവേണ്ടി വാദിക്കുന്നവരോ ഏറ്റെടുക്കുമോ?

ഇനി, ഇപ്പറഞ്ഞതൊന്നും തങ്ങൾക്ക് വിഷയമല്ല എന്നാണെങ്കിൽ അങ്ങനെയുള്ളവർക്ക് സ്വന്തം മക്കളെ അത്തരത്തിൽ വളർത്താനുള്ള സ്വാതന്ത്ര്യം ഇവിടെയുണ്ട്. തങ്ങളുടെ വീട്ടിലും സ്വകാര്യ ഇടങ്ങളിലും വേണമെങ്കിൽ പൊതു ഇടങ്ങളിലും അവർ അത്തരത്തിലുള്ള വസ്ത്രധാരണരീതിയും ജീവിതശൈലിയുമായി ജീവിച്ചോട്ടെ, പക്ഷേ, അത് എല്ലാ കുട്ടികളിലും അടിച്ചേൽപിക്കും

**അമേരിക്കയിലും യൂറോപ്യൻ നാടുകളിലും താൻ ആണാണോ പെണ്ണാണോ എന്ന് തിരിച്ചറിയാത്ത, അല്ലെങ്കിൽ അതിൽ സംശയമുള്ള കൗമാരക്കാരുടെ എണ്ണം കുത്തനെ കൂടിക്കൊണ്ടിരിക്കുകയാണ് എന്ന് ആധികാരികമായ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പുവരെ അമേരിക്കയിൽ 95% ലധികം കുട്ടികൾക്കും തങ്ങൾ ആണാണോ പെണ്ണാണോ എന്ന കൃത്യമായ ധാരണയും ബോധ്യവും ഉണ്ടായിരുന്നെങ്കിൽ, ഇന്നത് 77% ത്തിനും താഴേക്ക് എത്തിയിരിക്കുകയാണ്!. ഒരു സമൂഹത്തിന്റെ കാൽഭാഗത്തിനും തങ്ങൾ ആണാണോ പെണ്ണാണോ എന്ന സംശയം ഉണ്ടാകുന്ന അവസ്ഥയെക്കുറിച്ചൊന്ന് ആലോചിച്ചു നോക്കുക! ഒരു കുടുംബത്തിൽ പത്തു കുട്ടികളുണ്ടെങ്കിൽ രണ്ടോ മൂന്നോ കുട്ടികൾ താനാരാണെന്നോ തന്റെ സ്വത്വം എന്തെന്നോ മനസ്സിലാകാത്ത വല്ലാത്തൊരു അവസ്ഥ! ഈ കുട്ടികൾക്കാവട്ടെ വിഷാദരോഗവും മാനസിക സമ്മർദങ്ങളും സാമൂഹികവിരുദ്ധ ചിന്തകളും വലിയരൂപത്തിൽ ഉണ്ടാവുകയും ചെയ്യുന്നു.**

എന്ന് പറയുന്നത് അക്രമമാണ് . പൊതുവിദ്യാലയങ്ങളിലൂടെ ഇത്തരം പരീക്ഷണങ്ങൾക്ക് മുഴുവൻ കുട്ടികളും വിധേയരാകണം, എതിർക്കുന്നവരെല്ലാം പിന്തിരിപ്പൻ നിലപാടുകാരാണ് എന്ന തിട്ടൂരം ഒരുതരത്തിലും അനുവദിച്ചുകൊടുക്കാൻ പറ്റുന്നതല്ല. അത് കരിക്കുലത്തിലേക്ക് തിരുകിക്കയറ്റാനുള്ള ശ്രമവും എല്ലാ നിലയിലും എതിർക്കപ്പെ ടേണ്ടതിന്റെ അനിവാര്യതയും ഇവിടെയാണ്.

പാഠ്യപദ്ധതി പരിഷ്കരണത്തിൽ പരിഗണിക്കേണ്ട 25 വിഷയമേഖലകൾ സംബന്ധിച്ച കുറിപ്പിൽ ലിംഗസമത്വത്തിലധിഷ്ഠിതമായ വിദ്യാഭ്യാസം പ്രത്യേകം ചർച്ചക്കുവെച്ചിട്ടുണ്ട്. ലിംഗഭേദമില്ലാത്ത യൂനിഫോം, സ്കൂളുകൾ മിക്സഡ് ആക്കി മാറ്റൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നത് ചർച്ചയായതിനു പിന്നാ ലെയാണ് പുതിയനീക്കം. ലിംഗഭേദം പരിഗണിക്കാതെ കുട്ടികളെ വിദ്യാലയത്തിലെത്തിക്കാനും ക്ലാസ് മുറികളിൽ സമത്വത്തോടെ പ്രവർത്തിക്കാനും എന്തെല്ലാം ചെയ്യേണ്ടതുണ്ടെന്ന ചോദ്യം കരടുരേഖയിൽ മുന്നോട്ടുവയ്ക്കുന്നുണ്ട്.

ലിംഗതുല്യത, ലിംഗനീതി എന്നിവ സംബന്ധിച്ച കേരളീയ സമൂഹത്തിന്റെ പൊതുബോധം വിമർശ നപരമായി പരിശോധിക്കേണ്ടതുണ്ടെന്നും ചർച്ചക്ക് നൽകിയ കുറിപ്പിൽ പറയുന്നുണ്ട്. ചർച്ചകൾക്ക് ശേഷം കരിക്കുലം സ്റ്റിയറിങ് കമ്മിറ്റിയും സർക്കാറും അംഗീകാരം നൽകുന്നതോടെ പാഠ്യപദ്ധതി ചട്ടക്കൂട് അധിഷ്ഠിതമായ പാഠപുസ്തക പരിഷ്കരണത്തിലേക്ക് പ്രവേശിക്കാനുള്ള സാധ്യതകൾ അവഗണിക്കാവതല്ല. ഇവിടെയെല്ലാം എല്ലാവരും വളരെ നല്ല ആശയങ്ങളായി മാത്രം കാണുന്ന ലിംഗസമത്വം, ലിംഗനീതി പോലുള്ള ആശയങ്ങളോടൊപ്പം ജെൻഡർ സ്പെക്ട്രത്തെ പറ്റിയും ന്യൂട്രാലിറ്റിയെ പറ്റിയുമുള്ള തങ്ങളുടെ ആശയങ്ങൾ ഒളിച്ചുകടത്തുന്നതാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

ആണിനെയും പെണ്ണിനെയും ഒരേപോലെയാക്കിയല്ല സമത്വവും നീതിയും നടപ്പിലാക്കേണ്ടത്. അവർക്ക് വ്യത്യസ്തമായ അസ്തിത്വവും വ്യക്തിത്വവും ഉണ്ടായിരിക്കെ തന്നെ അവരും മനുഷ്യരാണെന്നും അവർക്കും അവകാശങ്ങളും സ്വാതന്ത്ര്യങ്ങളുമുണ്ടെന്നും ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. വ്യത്യസ്തതകളെ ഉൾക്കൊള്ളാൻ പരിശീലിപ്പിക്കേണ്ട കലാലയങ്ങൾ ഏകശിലാത്മകമായെങ്കിലേ സമത്വമുണ്ടാവൂ എന്ന സന്ദേശം കുട്ടികളിലേക്ക് കൈമാറാനുള്ള, അതുവഴി സ്വത്വപ്രതിസന്ധി അനുഭവിക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കാനുള്ള അരങ്ങുകളാകാതിരിക്കട്ടെ!

അങ്ങനെ ആകാതിരിക്കാൻ ഈ വിഷയം അതിന്റെ എല്ലാ ഗൗരവത്തോടും കൂടി സമൂഹത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഇത് ഏതെങ്കിലും മതത്തിന്റെയോ വിഭാഗത്തിന്റെയോ മാത്രം പ്രശ്നമല്ല, മറിച്ച് എല്ലാവരെയും ബാധിക്കുന്ന ഒരു അപകടമാണ്.

ദൗർഭാഗ്യകരമെന്നു പറയട്ടെ, ഈ വിഷയം ചർച്ച ചെയ്യുന്ന മീഡിയ അവതാരകർക്കോ, ഇതിനെ ന്യായീകരിക്കാൻ വരുന്ന പ്രതിനിധികൾക്കോ പോലും ഇതിനെ പറ്റി കൃത്യമായ ഒരു



**പുരോഗമന ആശയങ്ങളിൽ നല്ലത് മാത്രമെ തങ്ങളെടുക്കൂ എന്നാണെങ്കിൽ നല്ല പുരോഗമനവും ചീത്ത പുരോഗമനവും തമ്മിൽ എങ്ങനെ വേർതിരിക്കും എന്ന ചോദ്യവും അവിടെ ബാക്കിയാണ്. നന്മയും തിന്മയും വേർതിരിക്കാനുള്ള മാനദണ്ഡമായാണല്ലോ പുതിയ കാലത്തെ പുതിയ ആശയങ്ങൾ നല്ലതാണെന്ന വാദം കൊണ്ടുവന്നത്, അതിലും മോശം കാര്യങ്ങളുണ്ടെങ്കിൽ പിന്നെ ഏത് അളവുകോൽ വെച്ചാണിതിനെ ഇനിയളക്കുക? 'പുരോഗമനപരം' എന്ന സ്റ്റിക്കറൊട്ടിച്ച് വരുന്ന എന്തിനെയും ചോദ്യം കൂടാതെ, അന്വേഷണങ്ങളോ പഠനങ്ങളോ ഇല്ലാതെ വാരിപ്പുൽകാൻ തയ്യാറായി നിൽക്കുന്ന പൊതുബോധത്തിന് മുന്നിൽ അതിന്റെ അപകടം ബോധ്യപ്പെടുത്തുക എന്ന ശ്രമകരമായ ദൗത്യമാണ് നാം ഏറ്റെടുക്കേണ്ടത്. വരാനിരിക്കുന്ന തലമുറക്ക് വേണ്ടി അതെങ്കിലും നാം ചെയ്യണം!**

ബോധ്യവുമില്ല. പലരും ഇതിനെ കേവലം ഒരു വസ്ത്രസ്വാതന്ത്ര്യത്തിന്റെ പ്രശ്നമായാണ് മനസ്സിലാക്കിയിരിക്കുന്നത്. അതിനപ്പുറം ഇതിനു പിന്നിൽ ഒരു ആശയം ഉണ്ടെന്നോ, അത് നടപ്പിലാക്കിയ സ്ഥലങ്ങളിൽ എന്ത് സംഭവിച്ചുവെന്നോ ഉള്ള വസ്തുനിഷ്ഠമായ ഒരു പരിശോധനക്ക് പോലും പലരും തയാറല്ല!

ഒരു വിഷയത്തെ എങ്ങനെ ഏറ്റവും ഉപരിപ്ലവമായി മാത്രം സമീപിക്കാം എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഈ വിഷയത്തിലുള്ള ചാനൽ ചർച്ചകളും മീഡിയ ഇടപെടലുകളും. ഇത്രമേൽ ഗൗരവതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു വിഷയം 'നിങ്ങൾക്ക് പാന്റ്സ് ധരിക്കാൻ പ്രയാസമുണ്ടോ?' എന്ന് അത് ധരിച്ച പെൺകുട്ടികളോട് പോയി ചോദിച്ച്, അത് വാർത്തയും ഫീച്ചറുമാക്കി സ്വയം അപഹാസ്യരാവുകയാണവർ!

പുതിയ കാലത്ത് പുതുതായി വന്ന എന്തോ ആശയമാണ് എന്നേ അവർക്കറിയൂ, അങ്ങനെ പുരോ ഗമനപരമാണെങ്കിൽ നമ്മളതിനെ അനുകൂലിച്ചല്ലേ മതിയാകൂ എന്ന ചിന്തായാണവരെ നയിക്കുന്നത്. അതിനപ്പുറം 'പുതിയ കാലത്ത് പുതുതായി വരുന്ന' എല്ലാ ആശയങ്ങളും ശരിയാകണമെന്നുണ്ടോ, അങ്ങനെ എല്ലാറ്റിനെയും നമുക്ക് അംഗീകരിക്കാൻ പറ്റുമോ എന്നൊന്നും ചിന്തിക്കാനവർക്ക് നേരമില്ല!

ഈ ജെൻഡർ പൊളിറ്റിക്സ് 'പുരോഗമിച്ച്' സ്വവർഗരതിയിൽനിന്ന് മൃഗരതിയിലേക്കും ശവരതിയിലേക്കും ശിശുരതിയിലേക്കുമൊക്കെ എത്തിയത് അവർ അറിഞ്ഞുകാണില്ല. അതും പുതിയ കാലത്ത് വരുന്ന ആശയങ്ങളാണ്, പുരോഗമനപരമാണ് എന്നു പറഞ്ഞ് ഇക്കൂട്ടർ പിന്നാലെ ഓടുമോ ആവോ!



വേറെ ചിലർ ലൈംഗികതയും വിട്ട് തങ്ങൾ പട്ടിയാണെന്നും ചെന്നായ ആണെന്നുംവരെ വാദിച്ചു രംഗത്ത് വരുന്നു! ഇംഗ്ലണ്ടിൽ മാത്രം പതിനായിരക്കണക്കിന് അംഗങ്ങൾ ഇത്തരം 'പട്ടിജീവിത'ങ്ങളുടെ ഓൺലൈൻ കൂട്ടായ്മകളിൽ ഉണ്ടത്രെ! പുതിയ കാലത്തെ പുതിയ ഓരോ ചിന്തകൾ!

ഇനി അതല്ല, പുരോഗമന ആശയങ്ങളിൽ നല്ലത് മാത്രമെ തങ്ങളെടുക്കൂ എന്നാണെങ്കിൽ നല്ല പുരോ ഗമനവും ചീത്ത പുരോഗമനവും തമ്മിൽ എങ്ങനെ വേർതിരിക്കും എന്ന ചോദ്യവും അവിടെ ബാക്കിയാണ്. നന്മയും തിന്മയും വേർതിരിക്കാനുള്ള മാനദണ്ഡമായാണല്ലോ പുതിയ കാലത്തെ പുതിയ ആശയങ്ങൾ നല്ലതാണെന്ന വാദം കൊണ്ടുവന്നത്, അതിലും മോശം കാര്യങ്ങളുണ്ടെങ്കിൽ പിന്നെ ഏത് അളവുകോൽ വെച്ചാണിതിനെ ഇനിയളക്കുക?

'പുരോഗമനപരം' എന്ന സ്റ്റിക്കറൊട്ടിച്ച് വരുന്ന എന്തിനെയും ചോദ്യം കൂടാതെ, അന്വേഷണങ്ങളോ പഠനങ്ങളോ ഇല്ലാതെ വാരിപ്പുൽകാൻ തയ്യാറായി നിൽക്കുന്ന പൊതുബോധത്തിന് മുന്നിൽ അതിന്റെ അപകടം ബോധ്യപ്പെടുത്തുക എന്ന ശ്രമകരമായ ദൗത്യമാണ് നാം ഏറ്റെടുക്കേണ്ടത്. വരാനിരിക്കുന്ന തലമുറക്ക് വേണ്ടി അതെങ്കിലും നാം ചെയ്യണം! ■

kavitha



# മരണവീട്

## സുലൈമാൻ പെരുമുക്ക്

കഴിഞ്ഞ ആഴ്ച
മാതാവിന്റെ മരുന്നിന്റെ
കണക്കു പറഞ്ഞാണ്
മക്കളൊക്കെ തല്ലിപ്പിരിഞ്ഞത്!
ആഴ്ച
വട്ടം കറങ്ങിയെത്തിയപ്പോൾ
മാതാവ് മരണക്കയത്തിലേക്ക്
വഴുതിവീണു.
പിന്നെയവിടെ
പൗരോഹിത്യം പഠിപ്പിച്ച
ആത്മീയതയുടെ
കളിയാട്ടമാണ് നടന്നത്!
ഖബറടക്കം
കഴിഞ്ഞപ്പോൾ
വീടകം സൂപ്പർ മാർക്കറ്റായി!
പഴക്കുലകളും
പലഹാരങ്ങളും
അലുവക്കെട്ടുകളും
കുന്നുപോലെ വന്നുകൂടി!
അതിനിടയിൽ
ആരൊക്കെയോ
അടക്കംപറഞ്ഞു:
'നേരത്തിന് അന്നം
കിട്ടാതെയാണ്
ആ ഉമ്മ മരിച്ചത്.'
അപ്പൊഴും
ഉമ്മയുടെ
കാൽച്ചുവട്ടിലാണ്
സ്വർഗമെന്ന തിരുവചനം
അവിടെ മുഴങ്ങിക്കേട്ടിരുന്നു!
മുതൽ മുടക്കില്ലാതെ
ഭൂമിയിലെന്നും
ലാഭം കൊയ്യുന്നത്
ഇരുണ്ട ആത്മീയതയാണ്,
അതിന്റെ മുതലാളിമാർ
എന്നെന്നും
പുരോഹിതരുമാണ്!




# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്യൻ**

### ജുവനൈൽ കോടതി

ജുവനൈൽ കോടതി പതിനെട്ടു വയസ്സിൽ താഴെയുള്ള കുട്ടികൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യപ്പെടുന്ന കോടതിയാണ്. ബാലനീതി (കുട്ടികളുടെ പരിചരണവും സംരക്ഷണവും) നിയമം (Juvenile Justice Act of 2000) പ്രകാരം പ്രവർത്തിച്ചുപോരുന്ന ഈ കോടതി ജുഡീഷ്യൽ മജിസ്ട്രേറ്റുമാർ ഉൾപ്പെടെയുള്ളതായ ഒരു ബോർഡ് ആയിരിക്കും. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, അല്ലെങ്കിൽ ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് അധ്യക്ഷനായുള്ള ഈ കോടതിയിൽ ഒരു വനിത അടക്കം സാമൂഹ്യ പ്രവർത്തകരായ രണ്ടുപേർ അംഗങ്ങളായിരിക്കും. എന്നാൽ 16നു മേൽ 18ന് താഴെവരെ പ്രായക്കാരായ കുട്ടികൾ കൊലപാതകം, ബലാൽസംഗം. ആസിഡ് ആക്രമണം, പണത്തിനായുള്ള ആളെ തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ ഹീനമായ കുറ്റങ്ങളിൽ ഏർപ്പെടുന്നതായാൽ അവരെയും മുതിർന്നവരായി പരിഗണിച്ച് ഈ കുറ്റങ്ങൾക്ക് മുതിർന്നവരെ വിചാരണചെയ്യുന്ന രീതിയിൽത്തന്നെ വിചാരണ ചെയ്യുന്നതിനുള്ള ബാലനീതി നിയമം (ഭേദഗതി) 15-01-2016ൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

കുറ്റവാളികളായ കുട്ടികളുടെ കാര്യങ്ങൾ ഈ കോടതിയുടെ അധികാരപരിധിയിൽ പെടുന്നു. നല്ല പൗരന്മാരാക്കി ഇവരെ മാറ്റിയെടുക്കുകയാണ് ഗവണ്മെന്റിന്റെ ലക്ഷ്യം. കുട്ടിക്കുറ്റവാളികളെ ജയിലിലടയ്ക്കാതെ താക്കീതു നൽകിയോ നല്ലനടപ്പിനുള്ള ജാമ്യത്തിന്മേലോ രക്ഷകർത്താവിന്റെ കൂടെ വിടാം. അല്ലെങ്കിൽ സ്പെഷ്യൽ ഹോമുകളിൽ പാർപ്പിച്ചുകൊണ്ട് വിദ്യാഭ്യാസത്തിനും, സ്വഭാവരൂപവൽക്കരണത്തിനും വ്യക്തിത്വവികസനത്തിനുമുള്ള അവസരങ്ങൾ ഇവർക്ക് ലഭ്യമാക്കിക്കൊടുക്കാം. ചില നിബന്ധനകൾ നിർദേശിച്ചുകൊണ്ട് ഒരു പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിലും ഇവരെ വിടാവുന്നതാണ്. ഗുണദോഷവും ഉപദേശവും ശിക്ഷണനടപടികളിൽ പെടുന്നു. കുറ്റവാളികളെന്നു കാണുന്ന കുട്ടികളെ ഒരിക്കലും വധശിക്ഷയ്ക്ക് വിധിക്കുന്നതല്ല. സ്വന്തമായ വരുമാനമില്ലാത്ത കുട്ടികൾക്ക് പിഴശിക്ഷയും നൽ കുന്നതല്ല. ഈ കോടതിയുടെ വിധിയിന്മേൽ സെഷൻ കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

### കുടുംബകോടതി

വിവാഹമോചനം ഉൾപ്പെടെ വ്യക്തിനിയമത്തിന്റെ പരിധിയിൽ വരുന്ന നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഈ കോടതി ദമ്പതികൾ തമ്മിലുള്ള അഭിപ്രായഭിന്നതകളും പ്രശ്നങ്ങളും കൗൺസിലിംഗ് വഴിയായും മറ്റും പറഞ്ഞൊതുക്കി, നല്ലൊരു ദാമ്പത്യജീവിതത്തിന് അവരെ ഒരുക്കിയെടുക്കുകയോ, അല്ലാത്തപക്ഷം വിവാഹമോചനം അനുവദിച്ചുകൊണ്ടുള്ളതടക്കം യുക്തമായ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുകയോ ആണ് ചെയ്യുന്നത്. കുടുംബകോടതി ജഡ്ജിമാരായി നിയമിക്കുന്നത് ജില്ലാജഡ്ജിയുടെ പദവിയിലുള്ളവരെയാണ്.

### ലേബർകോടതി

തൊഴിൽ തർക്കപരിഹാര കോടതി (Labour Court) തൊഴിൽ തർക്കങ്ങളിന്മേൽ തീർപ്പുകൽപിക്കുന്ന കോടതിയാണ്. തൊഴിൽ തർക്കനിയമം ഏഴാം വകുപ്പു പ്രകാരം രൂപവൽക്കരിക്കുന്ന ഈ കോടതിയുടെ അധികാരപരിധിയിൽ, നിയമത്തിലെ രണ്ടാം പട്ടികയിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ വരുന്നതാണ്. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ളയാളെയാണ് ഈ കോടതിയിൽ ന്യായാധിപനായി നിയമിക്കുക. *(അവലംബം)* ■



# സലഫീ പ്രബോധനം മർമബോധത്തോടെയുള്ളത്

**കെ. പി. മുഹമ്മദ് ബിൻ അഹ്മദ്**

സമുദായത്തിന്റെ പുരോഗതിയിൽ താൽപര്യമുള്ളവർ അതിനെ സമുദ്ധരിക്കാൻ വേണ്ടി പ്രവർത്തിക്കുക സ്വാഭാവികമാണ്. സമുദായത്തെ അടിസ്ഥാനപരമായി ഏതേതു രംഗങ്ങളിലാണ് സമുദ്ധരിക്കേണ്ടത് എന്ന താണ് പിന്താവിഷയം. ഇക്കാര്യത്തിൽ പലർക്കും പല കാഴ്ചപ്പാടുകളാണുള്ളത്. രാഷ്ട്രീയമായ അധികാര ശക്തി നേടാൻ കഴിഞ്ഞാൽ എല്ലാം ശരിപ്പെടുമെന്ന് കാണുന്നവരുണ്ട്. അവർ എല്ലാ നിലയ്ക്കും അധികാരം നേടിയെടുക്കാനായി ശ്രമിക്കുന്നു. ഈ കാഴ്ചയിൽ കഴമ്പില്ലെന്നു കണ്ടെത്താൻ ഒട്ടും പ്രയാസമില്ല. അധികാരത്തിലൂടെ ജനതയെ സമുദ്ധരിക്കാം; പക്ഷേ, അതിന് ആദ്യമായി ഏകദൈവത്തിലുള്ള ഉറച്ചവിശ്വാസവും തുടർന്ന് പരലോകത്തുവെച്ച് അവന്റെ മുമ്പിൽ എല്ലാറ്റിനും ഉത്തരം പറയേണ്ടിവരുമെന്ന വിചാരവും താൻ ചെയ്ത അനീതിക്ക് ശിക്ഷ അനുഭവിക്കേണ്ടിവരുമെന്ന ഭയവും ഭരണാധികാരികൾക്കുണ്ടായിരിക്കണം. ജനങ്ങൾക്കുമുണ്ടായിരിക്കണം. മറിച്ചാണെങ്കിൽ ഭരണം ലഭിക്കുന്നതുകൊണ്ട് ഭരണാധികാരികൾക്കല്ലാതെ ജനങ്ങൾക്ക് ഒരു പ്രയോജനവുമുണ്ടാവുകയില്ല. ഫിർഔനിന്റെയും മറ്റും ചരിത്രം പരിശുദ്ധ ക്വുർആൻ തന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതാണല്ലോ. ആധുനികകാലത്തുതന്നെയും നടന്ന പല ഭരണമാറ്റങ്ങളെ പ്പറ്റിയും ഇവിടെ ചിന്തിക്കാവുന്നതാണ്. ആ മാറ്റങ്ങൾകൊണ്ട് ഭൗതികമായിതന്നെയും സമൂഹത്തിന് ലഭിച്ച നേട്ടങ്ങൾ പഠനവിധേയമാക്കേണ്ടതായിട്ടാണിരിക്കുന്നത്.

**വിദ്യാഭ്യാസത്തിന്റെ കുറവോ?**

വിദ്യാഭ്യാസമാണ് പുരോഗതിയുടെ അടിസ്ഥാനമെന്നാണ് മറ്റൊരു കാഴ്ചപ്പാട്. വിദ്യാഭ്യാസ പ്രവർത്തനങ്ങളും പ്രചരണ പ്രബോധനങ്ങളും കാര്യമായെടുത്ത് നടത്തിയാലേ സമുദായ സമുദ്ധാരണം സാധ്യമാകൂ എന്ന വാശിയാണ് ചിലർക്കുള്ളത്. സമുദായം വിദ്യാസമ്പന്നമായാൽ എല്ലാം

ശരിയായെന്നാണ് അവരുടെ ധാരണ. സംഘടനകൾ സ്ഥാപിച്ചും അവയ്ക്കു കീഴിൽ വിദ്യാലയങ്ങൾ നിർമിച്ചും ന്യായവും അന്യായവുമായ മാറ്റങ്ങളിലൂടെ അവയ്ക്കുവേണ്ടി പണം സമ്പാദിച്ചും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അവർ മുഴുകിയിരിക്കുന്നു. ദരിദ്രമായ നമ്മുടെ സമുദായത്തിന്റെ പൊതുനിലവച്ചു നോക്കിയാൽ സാമാന്യം മാന്യമായ നിലയിൽ ജീവിക്കുവാനുള്ള തുക ലഭിക്കുന്ന ഉദ്യോഗങ്ങളിൽ സമുദായത്തിലെ വളരെയേറെപ്പേരെ ഇന്നു കാണാൻ കഴിയും. ഭൗതികരംഗത്തുതന്നെ ഇവർ ധാരാളമാണ്. പൊതുവിൽ വിദ്യാഭ്യാസപരമായി സമൂഹത്തിന്റെ ആകപ്പാടെ നില പണ്ടത്തേതിലും എത്രയോ ഉയർന്നിട്ടുണ്ട്. ഇതേസമയം കൊള്ളരുതായ്മകൾ മുഴുവൻ ഈ വിദ്യാസമ്പന്നരിലാണ് കുടികൊള്ളുന്നത് എന്ന വസ്തുത എത്ര വ്യക്തമാണ്! കൈക്കൂലിയുടെയും കരിഞ്ചന്തയുടെയും വെട്ടിപ്പിന്റെയും തട്ടിപ്പിന്റെയും നിഷ്കരുണമായ പൊതുജന ചൂഷണത്തിന്റെയും കഥകൾ നിത്യേന ഇവരിൽനിന്നും നാം കേട്ടുകൊണ്ടിരിക്കുന്നു. ദരിദ്രരായ വിദ്യാർഥികൾക്ക് വിദ്യാലയത്തിലും രോഗികൾക്ക് ആശുപത്രിയിലും ഇടം ലഭിക്കണമെങ്കിൽ കൈക്കൂലി വേണമെന്ന് വരുമ്പോൾ വിദ്യാസമ്പന്നരുടെ വളർച്ച അവർക്കും അവരുടെ കുടുംബത്തിനുമല്ലാതെ സമുദായത്തിന്റെ പൊതുവായ വളർച്ചക്ക് എന്തു നേട്ടമാണുണ്ടാക്കുന്നത്? വിശന്നു കഴിയുന്ന പാവപ്പെട്ട ദരിദ്രൻ തന്റെ മക്കളുടെ ആഹാരത്തിനുവേണ്ടി പണിയെടുത്തുണ്ടാക്കുന്ന ചില്ലിക്കാശ് വിദ്യാസമ്പന്നരുടെ ആർഭാടത്തിനുവേണ്ടി ആഹൂതി ചെയ്യേണ്ടിവരുന്ന അവസ്ഥ എത്ര ദയനീയമല്ല! വിദ്യാസമ്പന്നൻ പൊതുമുതൽ ഉപയോഗിച്ച് പഠിച്ചുണ്ടാക്കിയ കഴിവിന്റെ ഒരു ചെറിയ ഫലം സാധാരണക്കാരൻ അനുഭവിക്കുന്നതിനു പകരം അവന്റെ വിയർപ്പിനെ തന്റെ സുഖത്തിനുവേണ്ടി വിദ്യാസമ്പന്നൻ നിർദയം ചൂഷണം ചെയ്യുകയാണിവിടെ. ഇത്രയേറെ വിദ്യാഭ്യാസമുണ്ടായിട്ടും ഇതാണ് നിലയെങ്കിൽ വിദ്യാഭ്യാസപരമായ പുരോഗതികൊണ്ട് സമുദായത്തെ എങ്ങനെ സമുദ്ധരിക്കാനാവുമെന്ന് ചിന്തിക്കേണ്ടതില്ലേ?

**ദരിദ്രരായ വിദ്യാർഥികൾക്ക് വിദ്യാലയത്തിലും രോഗികൾക്ക് ആശുപത്രിയിലും ഇടം ലഭിക്കണമെങ്കിൽ കൈക്കൂലി വേണമെന്ന് വരുമ്പോൾ വിദ്യാസമ്പന്നരുടെ വളർച്ച അവർക്കും അവരുടെ കുടുംബത്തിനുമല്ലാതെ സമുദായത്തിന്റെ പൊതുവായ വളർച്ചക്ക് എന്തു നേട്ടമാണുണ്ടാക്കുന്നത്? വിശന്നുകഴിയുന്ന പാവപ്പെട്ട ദരിദ്രൻ തന്റെ മക്കളുടെ ആഹാരത്തിനുവേണ്ടി പണിയെടുത്തുണ്ടാക്കുന്ന ചില്ലിക്കാശ് വിദ്യാസമ്പന്നരുടെ ആർഭാടത്തിനുവേണ്ടി ആഹൂതി ചെയ്യേണ്ടിവരുന്ന അവസ്ഥ എത്ര ദയനീയമല്ല! വിദ്യാസമ്പന്നൻ പൊതുമുതൽ ഉപയോഗിച്ച് പഠിച്ചുണ്ടാക്കിയ കഴിവിന്റെ ഒരു ചെറിയ ഫലം സാധാരണക്കാരൻ അനുഭവിക്കുന്ന തിനു പകരം അവന്റെ വിയർപ്പിനെ തന്റെ സുഖത്തിനുവേണ്ടി വിദ്യാസമ്പന്നൻ നിർദയം ചൂഷണം ചെയ്യുകയാണിവിടെ. ഇത്രയേറെ വിദ്യാഭ്യാസമുണ്ടായിട്ടും ഇതാണ് നിലയെങ്കിൽ വിദ്യാഭ്യാസപരമായ പുരോഗതി കൊണ്ട് സമുദായത്തെ എങ്ങനെ സമുദ്ധരിക്കാനാവുമെന്ന് ചിന്തിക്കേണ്ടതില്ലേ?**

**സാമ്പത്തിക പരാധീനതയോ?**

അധഃപതനത്തിന് മൂലകാരണം സമുദായത്തിന്റെ സാമ്പത്തിക പരാധീനതയാണെന്ന് ചിന്തിക്കുന്നവരുമുണ്ട്. സമുദായ പുരോഗതിക്ക് ഒറ്റമൂലികയായി അവർ നിർദേശിക്കാറുള്ളത് സാമ്പത്തിക വളർച്ചയാണ്. സമുദായത്തിന് സാമ്പത്തികമായ കെട്ടുറപ്പുണ്ടാക്കാനാണ് അവരുടെ ശ്രമം.

പരിശുദ്ധ ഖുർആൻ വിവരിച്ച സമ്പന്നനായ ഖാറൂന്റെ കഥ നമുക്കറിയാം. ഖാറൂന്റെ സമ്പത്തിനെക്കാൾ മൂസാ(അ)യുടെ ദാരിദ്ര്യമാണ് ഇസ്രാഈല്യരെ ഉയർത്തിയതെന്ന വസ്തുത ആർക്കാണ് നിഷേധിക്കാൻ സാധിക്കുക? ഇന്നത്തെ സ്ഥിതിതന്നെ നോക്കാം. അറബ് ലോകത്തോളം സമ്പത്ത് മറ്റാർക്കുണ്ട്? സമുദായത്തിനുനേരെയുള്ള ഭീഷണികൾക്കും വെല്ലുവിളികൾക്കുമെതിരെ ഈ സമ്പത്ത് എത്രത്തോളം പ്രയോജനകരമെന്ന് കാണാവുന്നതേയുള്ളവല്ലോ. എന്നാൽ ഇത്ര ഉയർന്നവർ ആകാൻ വണ്ണം അറബ് സമുദായത്തിന് ഉത്തേജനം നൽകിയ കഴിഞ്ഞകാല പ്രവർത്തകരായ ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബി(റഹി)നെപ്പോലുള്ള മഹാന്മാർ എത്രമാത്രം ദരിദ്രാവസ്ഥയിൽ കഴിഞ്ഞവരായിരുന്നു. അവരുടെ പ്രവർത്തനങ്ങൾ കൊണ്ടുണ്ടായ പുരോഗതിയുടെയും ചൈതന്യത്തിന്റെയും സന്മാർഗിക നിലയുടെയും നൂറിലൊന്നുപോലും ഈ എണ്ണസമ്പത്തുകൊണ്ട് അറബ് നാടുകൾക്ക് ലഭിച്ചിട്ടില്ലെന്നതല്ലേ സത്യം?

ചുരുക്കത്തിൽ മുൻ ചിന്താഗതികളൊന്നും പ്രശ്നത്തിന്റെ മർമം തൊട്ടുകൊണ്ടുള്ളതല്ലെന്നും അനുഭവങ്ങൾതന്നെ തെളിയിയിച്ചു

കഴിഞ്ഞിരിക്കുന്നു. സമുദായത്തിന്റെ സാമൂഹ്യാവശ്യങ്ങൾ ഒരു പരിധിയോളം പരിഹരിക്കുന്നതിൽ കവിഞ്ഞ മർമ പ്രധാനമായ പ്രസക്തിയൊന്നും സമുദായോദ്ധാരണപരമായി അവർക്കില്ലെന്നതാണ് വസ്തുത

**അവശ്യഘടകം**

വീടുവച്ച് താമസം ആരംഭിച്ചവന് വീട്ടിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വേണം. ഇരിക്കാൻ കസേരയും കിടക്കാൻ കട്ടിലും മെത്തയുമെല്ലാം അവന് ആവശ്യം തന്നെ. എന്നാൽ പ്രാധാന്യം ആഹാരത്തിനാണ്. ആഹാരമില്ലാതെ എങ്ങനെ ജീവിക്കാൻ തന്നെ പറ്റും. ഇതേപോലെ മേൽ വിവരിച്ച കാര്യങ്ങളെല്ലാം സമുദായത്തിന്റെ പുരോഗതിയുടെ ഘടകങ്ങളെങ്കിലും അവശ്യഘടകമായുള്ളത് വേറെ ചിലതാണ്. ആഹാരത്തിനു തുല്യമായ പ്രാധാന്യവും പ്രാഥമികത്വവും അർഹിക്കുന്ന കാര്യമേതാണോ അതിനാണ് മുൻഗണന നൽകേണ്ടത്. അതെന്താണെന്നറിയുകയും പുരോഗമന പ്രവർത്തന രംഗത്ത് അതിന്ന് പ്രാഥമികത്വം നൽകുകയും വേണം. പ്രസ്തുത ആവശ്യം വിശുദ്ധ ക്വുർആൻ നന്നായി വിശദീകരിച്ചിട്ടുണ്ട്.

**വീടുവച്ച് താമസം ആരംഭിച്ചവന് വീട്ടിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വേണം. ഇരിക്കാൻ കസേരയും കിടക്കാൻ കട്ടിലും മെത്തയുമെല്ലാം അവന് ആവശ്യം തന്നെ. എന്നാൽ പ്രാധാന്യം ആഹാരത്തിനാണ്. ആഹാരമില്ലാതെ എങ്ങനെ ജീവിക്കാൻ തന്നെ പറ്റും. ഇതേപോലെ മേൽ വിവരിച്ച കാര്യങ്ങളെല്ലാം സമുദായത്തിന്റെ പുരോഗതിയുടെ ഘടകങ്ങളെങ്കിലും അവശ്യഘടകമായുള്ളത് വേറെ ചിലതാണ്. ആഹാരത്തിനു തുല്യമായ പ്രാധാന്യവും പ്രാഥമികത്വവും അർഹിക്കുന്ന കാര്യമേതാണോ അതിനാണ് മുൻഗണന നൽകേണ്ടത്. അതെന്താണെന്നറിയുകയും പുരോഗമന പ്രവർത്തന രംഗത്ത് അതിന്ന് പ്രാഥമികത്വം നൽകുകയും വേണം.**

**ആവശ്യം അറിയുന്നവൻ അല്ലാഹു**

മനുഷ്യന്റെ വളർച്ചക്കാവശ്യമായ ഏതുതരത്തിലുള്ള കാര്യങ്ങളെക്കുറിച്ചും നന്നായി അറിയുന്നവൻ മനുഷ്യനെ രൂപകൽപന ചെയ്ത സ്രഷ്ടാവാണ്. അവൻ പറയുന്നു:

“എല്ലാ വസ്തുക്കളുടെയും സൃഷ്ടിപ്പിനെ ഭംഗിയായി നിർവഹിച്ചവനാണവൻ. കളിമണ്ണിൽനിന്നാണ് മനുഷ്യസൃഷ്ടിപ്പ് അവൻ ആരംഭിച്ചത്” (സജദ: 7).

സൃഷ്ടിപ്പിന്റെ ആദിയെപ്പറ്റി ഇത്രയും പരിജ്ഞാനമുള്ള സ്രഷ്ടാവ് വായുവും വെള്ളവും ആഹാരവും പടച്ച് മനുഷ്യനെ അനുഗ്രഹിച്ചു. ബുദ്ധിശക്തിയും പഞ്ചേന്ദ്രിയങ്ങളും നൽകി.

“പറയുക: അവനാണ് നിങ്ങളെ പടച്ചവർ, അവൻ നിങ്ങൾക്ക് കേൾവിയും കാഴ്ചയും ചിന്താകഴിവുകളും നൽകിയിരിക്കുന്നു. നിങ്ങൾ വളരെ കുറച്ച് മാത്രമെ നന്ദി കാണിക്കുന്നുള്ളൂ” (മുൽക്: 32).

വിജ്ഞാനത്തിനുള്ള കഴിവു നൽകി മനുഷ്യനെ അനുഗ്രഹിച്ച ശേഷം ഭൂമിയിലെ താമസം ആരംഭിക്കാൻ കൽപിച്ച സന്ദർഭം അല്ലാഹു നൽകിയ നിർദേശം ഇങ്ങനെയായിരുന്നു:

“നിങ്ങൾ എല്ലാവരും ഭൂമിയിലേക്ക് പോകൂ! (അവിടെവെച്ച്) എന്റെ സന്മാർഗനിർദേശം നിങ്ങൾക്ക് വന്നു കിട്ടുകയും ആ മാർഗ നിർദേശങ്ങളെ ആര് പിന്തുടരുകയും ചെയ്യുവോ അവർക്ക് ഭയപ്പാടില്ല, അവർ ദുഃഖിക്കേണ്ടതായും വരില്ല” (അൽബക്വറ: 29).

**സ്രഷ്ടാവിന്റെ മാർഗനിർദേശം**

ഈ മാർഗനിർദേശങ്ങളാണ് മനുഷ്യപുരോഗതിക്ക് മുഖ്യമായ ആവശ്യം. അവന്റെ ഈ ലോക ജീവിതത്തിന് അർഥവും ലക്ഷ്യവും കൊടുക്കുന്നതും അതുതന്നെ. ഈ സന്മാർഗനിർദേശങ്ങൾ കാലാകാലങ്ങളിലായി തിരഞ്ഞെടുക്കപ്പെടുന്ന പ്രവാചകന്മാർ മുഖേന മനുഷ്യൻ ഭൂമിയിൽ അവതരിച്ച അന്നുതൊട്ട് അല്ലാഹു നൽകിപ്പോരുകയും ചെയ്തിട്ടുണ്ട്.

“ആദം സന്തതികളേ! നിങ്ങ





ളിൽ നിന്ന് തന്നെയുള്ള ദൂതന്മാർ നിങ്ങൾക്ക് വരികയും എന്റെ ദൃഷ്ടാന്തങ്ങൾ അവർ നിങ്ങൾക്ക് വിവരിച്ചുതരികയും അതിനനുസരിച്ച് സൂക്ഷ്മതയും സന്മാർഗനിഷ്ഠയും ആര് പുലർത്തുകയും ചെയ്യുവോ അവർക്ക് പേടിക്കാനില്ല. അവർക്ക് ദുഃഖിക്കേണ്ടിയും വരില്ല. എന്നാൽ എന്റെ ദൃഷ്ടാന്തങ്ങളെ കളവാക്കി തള്ളുകയും അതിനുനേരെ അഹങ്കാരം പുലർത്തുകയും ചെയ്തവർ, അവർ നരകാവകാശികളും അതിൽ എന്നെന്നും കിടക്കേണ്ടവരുമായിരിക്കും" (അഅ്റാഫ് 36).

**പാരത്രിക പ്രധാനമെങ്കിലും...!**

ഈ മാർഗനിർദേശങ്ങൾ അവയുടെ ആത്യന്തിക ലക്ഷ്യമായി പാരത്രിക സുഖം ലഭ്യമാക്കുന്നതുപോലെ ഭൗതിക ജീവിതക്ഷേമവും കൈവരുത്താതിരിക്കില്ല. ഖുർആൻ പറഞ്ഞു: "എന്റെ സന്മാർഗം നിങ്ങൾക്കു വന്നുകിട്ടുകയും എന്നിട്ട് ആര് അതിനെ പിൻപറ്റുകയും ചെയ്യുവോ അവൻ വഴിതെറ്റുകയോ നിർഭാഗ്യവാനാവുകയോ ഇല്ല. എന്നാൽ, എന്റെ ഉൽബോധനത്തിനുനേരെ പുറം തിരിഞ്ഞവൻ, അവന്നു ഇടുങ്ങിയ ജീവിതമാണുള്ളത്. അന്ത്യനാളിൽ അന്ധനായി നാം അവനെ കൊണ്ടുവരികയും ചെയ്യും" (ത്വാഹാ: 131).

മേൽ വചനങ്ങളിൽനിന്നും താഴെപറയുന്ന കാര്യങ്ങൾ സുതരാം ഗ്രഹിക്കാം:

1. സ്രഷ്ടാവായ അല്ലാഹു ഭൗതിക ജീവിതത്തിന് ആവശ്യമായ ഉപാധികൾ മനുഷ്യന് ഒരുക്കികൊടുത്തതുപോലെതന്നെ പാരത്രികജീവിത വിജയത്തിനും അവിടെ രക്ഷക്കും ആവശ്യമായ ഉപാധികളും നിർദേശങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്.

2. പ്രസ്തുത നിർദേശങ്ങൾ കാലം മുറിയാതെ ദൂതന്മാർ മുഖേന ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

3. പ്രസ്തുത നിയമനിർദേശങ്ങൾ അനുസരിച്ചുകൊണ്ട് മനുഷ്യൻ ജീവിച്ചാൽ പാരത്രിക മോക്ഷത്തോടൊപ്പം ഭൗതികജീവിത ശാന്തിയും സമാധാനവും ലഭിക്കുന്നതുമാണ്.

**ഖുർആൻ ഉൾക്കൊള്ളുന്നത്**


ആകയാൽ മനുഷ്യപുരോഗതിയും ക്ഷേമവും മുൻനിറുത്തി പ്രവർത്തിക്കുന്നവർ ജനങ്ങളിൽ ആദ്യമായി പ്രബോധനം ചെയ്യേണ്ട വസ്തുത എന്താണെന്നു കണ്ടെത്തുക ഒരു വിശ്വാസിക്കു പ്രയാസമുള്ളതല്ല. പ്രവാചകന്മാരുടെ പ്രബോധന ദൗത്യം അപ്പടി പകർത്തുക എന്നതാണ് അവന്റെ ഉത്തരവാദിത്തം. പ്രവാചകദൗത്യത്തിന്റെ പൂർണരൂപം പരിശുദ്ധ ഖുർആനിലൂടെ മുഹമ്മദ് (സ്വ) ഇവിടെ അവതരിപ്പിച്ചു കാണിച്ചുതന്നിട്ടുമുണ്ട്.

**മനുഷ്യപുരോഗതിയും ക്ഷേമവും മുൻനിറുത്തി പ്രവർത്തിക്കുന്നവർ ജനങ്ങളിൽ ആദ്യമായി പ്രബോധനം ചെയ്യേണ്ട വസ്തുത എന്താണെന്നു കണ്ടെത്തുക ഒരു വിശ്വാസിക്കു പ്രയാസമുള്ളതല്ല. പ്രവാചകന്മാരുടെ പ്രബോധന ദൗത്യം അപ്പടി പകർത്തുക എന്നതാണ് അവന്റെ ഉത്തരവാദിത്തം. പ്രവാച കദൗത്യത്തിന്റെ പൂർണരൂപം പരിശുദ്ധ ഖുർആനിലൂടെ മുഹമ്മദ്(സ്വ.അ.) ഇവിടെ അവതരിപ്പിച്ചു കാണിച്ചു തന്നിട്ടുമുണ്ട്.**

തന്റെ ഇരുപത്തിമൂന്നു കൊല്ല ജീവിതത്തിലൂടെ അതിന്റെ പ്രാവർത്തികത വരച്ചുതരികയും ചെയ്തു. അതിന്നാണ് നബിചര്യ എന്നു പറയുന്നത്. അപ്പോൾ ഖുർആനും സുന്നത്തും പഠിപ്പിക്കുക എന്ന് ഒറ്റവാക്കിൽ പറഞ്ഞാൽ പ്രവാചകന്മാരുടെ പ്രബോധന ശൈലിയും മാർഗവും അധ്യാപനത്തിന്റെ കാതലും എല്ലാമതിൽ ഉൾക്കൊണ്ടു. അവരുടെ പ്രബോധന ശൈലി വീക്ഷിച്ചാൽ അവർ എന്തിനായിരുന്നു പ്രാമുഖ്യം നൽകിയിരുന്നതെന്ന് ഖുർആനിലൂടെ ഒറ്റനോട്ടത്തിൽതന്നെ കണ്ടെത്താവുന്നതേയുള്ളൂ.

**പിൻതുടരേണ്ട പാന്ഥാവ്**

സൂര്യചന്ദ്രാദി ഗോളങ്ങളെ ആരാധിച്ചുപോന്നിരുന്ന ബഹുദൈവാരാധനക്കെതിരെ ഏക ദൈവ വിശ്വാസവും ദൈവിക സാൻമാർഗിക നിർദേശങ്ങളും പ്രബോധനം ചെയ്തുകൊണ്ടിരുന്ന പ്രവാചക പിതാവ് ഇബ്രാഹീം നബി(അ)യുടെ ചരിത്രവും തുടർന്ന് ഇസ്ഹാക്, യഅ്ഖൂബ്, നൂഹ് (അ) തുടങ്ങി അനേകം നബിമാരെക്കുറിച്ചും തുടരെ പരാമർശിച്ച ശേഷം ഖുർആൻ പറഞ്ഞു:



“അവരുടെ പിതാക്കളും സന്താനങ്ങളും സഹോദരങ്ങളുമായിട്ടുള്ളവർ, അവരെ നാം പ്രവാചകൻമാരായി തിരഞ്ഞെടുത്തു; നേരായ മാർഗത്തിലേക്ക് നയിക്കുകയും ചെയ്തു. അതാണ് അല്ലാഹുവിന്റെ നേരായ മാർഗം. തന്റെ അടിയങ്ങളിൽനിന്ന് താനുദ്ദേശിക്കുന്നവരെ അതിലൂടെ താൻ മാർഗനിർദേശം ചെയ്യുന്നു. അവരെങ്ങാനും ശിർക്ക് ചെയ്തിരുന്നുവെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ മുഴുവൻ നിഷ്ഫലമായി പോകുമായിരുന്നു” (അൻആം: 87-88).

പ്രവാചകൻമാരുടെ പാന്ഥാവാണ് നേരായ പാന്ഥാവെന്നും അതു ദൈവികമാർഗമെന്നും വ്യക്തം. ഏകദൈവ സിദ്ധാന്തത്തിനു വേണ്ടിയും ബഹുദൈവാരാധനക്കുമെതിരെ വിട്ടുവീഴ്ചയില്ലാതെ ധീരമായും ശക്തമായും അവർ പൊരുതുകയാണുണ്ടായതെന്നും പ്രസ്തുത ക്വുർആൻ സൂക്തങ്ങൾ പച്ചയായി തന്നെ മനസ്സിലാക്കിത്തരുന്നു. പ്രവാചകൻമാരുടെ ഈദൃശ പ്രബോധനരീതി പരാമർശിച്ചശേഷം ക്വുർആൻ പറയുന്നത് കാണുക: “അല്ലാഹു നേർമാർഗത്തിലാക്കിയവരാണവർ, അവരുടെ മാൾഗത്തെ നീയും പിന്തു ടരുക. ഇതിന്ന് ഒരു പ്രതിഫലവും നിങ്ങൾ തരേണ്ടതില്ലെന്നും പ്രഖ്യാപിക്കുക. ഇത് ജനങ്ങൾക്കുള്ള ഉൽബോധനം മാത്രം” (അൻആം: 90).

## മാറ്റമില്ലാത്ത രീതി

മുൻ പ്രവാചകന്മാരുടെ സൻമാർഗം പിന്തുടരാനാണ് ക്വുർആൻ മുഹമ്മദ് നബി(സ്വ)യോടും കൽപിക്കുന്നത്. ഇതിൽ പ്രവാചക പിതാവ് ഇബ്രാഹീം നബി(അ)യെ അനുധാവനം ചെയ്യാൻ പ്രത്യേകിച്ച് ക്വുർആൻ നിർദേശിക്കുകയുണ്ടായി.

“(പിന്നീട് നാം നിനക്ക് ബോധനം നല്കി: ഋജുമാനസനായ ഇബ്രാഹീമിന്റെ മാർഗം പിന്തുടരുക, ഇബ്രാഹീം ഒരിക്കലും ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നില്ല” (നഹ്ൽ: 123).

ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യങ്ങൾ എന്നും ഒന്നു തന്നെയെന്നും പ്രബോധന തത്ത്വങ്ങൾക്ക് മാറ്റമില്ലെന്നും ഈ സൂക്തങ്ങൾ തെളിയിക്കുന്നു. ഇക്കാര്യം പലയിടങ്ങളിൽ ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

“നൂഹിനോട് അവൻ കൽപിച്ചരുളിയതും നിനക്ക് നാം വഹ്‌യ്നൽകിയിട്ടുള്ളതും ഇബ്രാഹീമിനോടും മൂസായോടും ഈസായോടും നാം കൽപിച്ചരുളിയതും എന്താണോ അതുതന്നെ അവൻ നിങ്ങൾക്കും മതമായി നിയമിച്ചു തന്നിരിക്കുന്നു. അതായത് ആ മതത്തെ നിങ്ങൾ നിലനിർത്തണം, അതിൽ നിങ്ങൾ ഭിന്നിച്ചുപോകരുത്. ബഹുദൈവവിശ്വാസികളെ നീ ഏതൊരു കാര്യത്തിലേക്ക് ക്ഷണിക്കുന്നുവോ അതവർക്ക് വളരെ ഭാരപ്പെട്ടതായിരിക്കുന്നു” (ശൂറാ: 181).

> **പ്രവാചകൻമാരുടെ പാന്ഥാവാണ് നേരായ പാന്ഥാവെന്നും അതു ദൈവികമാർഗമെന്നും വ്യക്തം. ഏകദൈവ സിദ്ധാന്തത്തിനു വേണ്ടിയും ബഹുദൈവാരാധനക്കുമെതിരെ വിട്ടുവീഴ്ചയില്ലാതെ ധീരമായും ശക്തമായും അവർ പൊരുതുകയാണുണ്ടായതെന്നും പ്രസ്തുത ക്വുർആൻ സൂക്തങ്ങൾ പച്ചയായി തന്നെ മനസ്സിലാക്കിത്തരുന്നു.**

ഏതൊരു പ്രദേശത്തും ആ ദീനിന്റെ പ്രബോധനമായി ഏതൊരു പ്രവാചകനും ആദ്യം ചെയ്തു പോന്നത് ജനങ്ങളമുഖ്യധാരയിലേക്ക് മുഖംനോക്കാതെ ഏതൊരു പ്രദേശത്തും ആ ദീനിന്റെ പ്രബോധനമായി ഏതൊരു പ്രവാചകനും ആദ്യം ചെയ്തുപോന്നത് ജനങ്ങളുടെ വിശ്വാസത്തെ നന്നാക്കിയെടുക്കുക എന്നതായിരുന്നു. അഥവാ തൗഹീദ് പ്രബോധനമായിരുന്നു.

“ഏതൊരു സമുദായത്തിലും നാം പ്രവാചകനെ നിയോഗിച്ചു. (ഇങ്ങനെ പ്രബോധനം ചെയ്തു കൊണ്ട്:) അല്ലാഹുവിനെ ആരാധിക്കുക, പൈശാചിക ശക്തികളെ വെടിയുക...” (നഹ്ൽ: 36).

“ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അതിനാൽ എന്നെ മാത്രം ആരാധിക്കുക എന്ന ദിവ്യ ബോധനവുമായിട്ടല്ലാതെ നിനക്കുമുമ്പ് ഒരു പ്രവാചകനെയും നാം നിയോഗിച്ചിട്ടില്ല” (അമ്പിയാഅ്: 25).

ഈ മുഖ്യധാര (തൗഹീദ്) തന്നെയാണ് മുഹമ്മദ് നബി(സ്വ)യുടെയും ദൗത്യത്തിന്റെ കാതലായി നിർദേശിക്കപ്പെട്ടത്.

“പറയുക: നിങ്ങളുടെ ആരാധ്യൻ

ഏക ആരാധ്യനെന്ന് എനിക്ക് വഹ്യ്നൽകപ്പെട്ടിരിക്കുന്നു. അവന്നു നിങ്ങൾ കീഴ്പ്പെടാൻ തയ്യാറുണ്ടോ?''

"പറയുക: ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രം. നിങ്ങളുടെ ആരാധ്യൻ ഏകനായ ആരാധ്യനെന്ന് എനിക്ക് വഹ്യ്നൽകപ്പെട്ടിരിക്കുന്നു'' (അൽകഹ്ഫ് : 110).

ഈ നിലയിൽ ഏകദൈവ സിദ്ധാന്തത്തിന് പരമ പ്രാമുഖ്യം നൽകപ്പെട്ടുകൊണ്ട് തീർത്തും ആ തത്ത്വത്തിൽ അധിഷ്ഠിതമായ പ്രബോധനരീതിയാണ് ദൈവികമതത്തിന്റെ പ്രബോധനമായി ഓരോ പ്രവാചകനും അവലംബിച്ചു പോന്നിട്ടുള്ളത്.

പ്രസ്തുത തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരേക സമുദായം. അതിൽ ഒരു ഭിന്നതയും ഒരിക്കലും പൊറുപ്പിച്ചുകൂടാ. ഇതാണ് ആ മതത്തിന്റെയും പ്രബോധനത്തിന്റെയും മുഖ്യധാര.

"ഇത് നിങ്ങളുടെ ഒരേയൊരു സമുദായം. ഞാൻ നിങ്ങളുടെ രക്ഷിതാവ്. ആകയാൽ എന്നെ മാത്രം നിങ്ങൾ ആരാധിക്കുക'' (അമ്പിയാഅ്: 92).

> **പ്രവാചകൻമാരുടെ പ്രബോധനത്തിന്റെ മർമം തൗഹീദും തദടിസ്ഥാനത്തിൽ മനുഷ്യസഞ്ചയത്തിന്റെ ഏകീകരണവും അങ്ങനെ ലക്ഷ്യബോധത്തോടെ ഐഹികവും പാരത്രികവുമായ നേട്ടങ്ങളിലേക്ക് നീങ്ങുന്ന ഒരു സമുദായവും-ഇതായിരുന്നു ചിട്ടയോടെ ആ പ്രബോധനത്തിന്റെ ചലനമെന്ന് കാണാൻ പ്രയാസമില്ല. പരമ പ്രധാനമായി തൗഹീദ് അവരുടെയെല്ലാം പ്രബോധന ദൗത്യമായിരുന്നെന്ന കാര്യത്തിൽ വിശുദ്ധ ക്വുർആനിന്റെ വ്യാഖ്യാതാക്കൾക്കിടയിൽ പോലും അഭിപ്രായ ഭിന്നത ഉണ്ടായിട്ടില്ല.**

**ഒരു ദൈവം; ഒരു ജനത**

ഈ ആശയം ചെറിയ പദവ്യത്യാസത്തോടെ ക്വുർആനിൽ പലയിടത്തും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്, അല്ലാഹുവിനെ മാത്രം ആരാധിച്ചുകൊണ്ട് ഏകദൈവ വിശ്വാസത്തിൽ ഉറച്ച ആചാരങ്ങളും സാംസ്കാരിക മുറകളും പുലർത്തി ഒറ്റക്കെട്ടായി മുന്നോട്ട് നീങ്ങുക എന്നതാണ് ഈ ആശയത്തിന്റെ ചുരുക്കം. ഈ പോയിന്റിൽ നിന്ന് തെറ്റാതെ അതിൽ ഉറച്ചു നിൽക്കാനുള്ള ശ്രദ്ധയാണ് ഓരോ വിശ്വാസിയും ഉൽകണ്ഠയോടെ പുലത്തിപ്പോരേണ്ടത് എന്നും ക്വുർആനിന്റെ ശൈലിയിൽനിന്ന് നന്നായി ഗ്രഹിക്കാം.

"ഇത് എന്റെ ചൊവ്വായ മാർഗം. നിങ്ങൾ ഇതിനെ പിന്തുടരുക. മാർഗങ്ങൾ നിങ്ങൾ പിന്തുടർന്നു പോകരുത്. അങ്ങനെയായാൽ അല്ലാഹുവിന്റെ (നേരായ) മാർഗത്തിൽനിന്നും നിങ്ങൾ ചിതറിപ്പോകും. അതാണ് അവൻ നിങ്ങളോട് നിർദേശിക്കുന്നത്; നിങ്ങൾ നല്ലവരായിത്തീരേണ്ടതിന്ന്'' (അൻആം: 154).

**ഭിന്നതയില്ലാത്ത സത്യം**

പ്രവാചകൻമാരുടെ പ്രബോധനത്തിന്റെ മർമം തൗഹീദും തദടിസ്ഥാനത്തിൽ മനുഷ്യസഞ്ചയത്തിന്റെ ഏകീകരണവും അങ്ങനെ ലക്ഷ്യബോധത്തോടെ ഐഹികവും പാരത്രികവുമായ നേട്ടങ്ങളിലേക്ക് നീങ്ങുന്ന ഒരു സമുദായവും-ഇതായിരുന്നു ചിട്ടയോടെ ആ പ്രബോധനത്തിന്റെ ചലനമെന്ന് കാണാൻ പ്രയാസമില്ല. പരമ പ്രധാനമായി തൗഹീദ് അവരുടെയെല്ലാം പ്രബോധന ദൗത്യമായിരുന്നെന്ന കാര്യത്തിൽ വിശുദ്ധ ക്വുർആനിന്റെ വ്യാഖ്യാതാക്കൾക്കിടയിൽ പോലും അഭിപ്രായ ഭിന്നത ഉണ്ടായിട്ടില്ല.



"പ്രവാചകരെല്ലാവരും നിയുക്തരായ മതം അല്ലാഹുവിനെ മാത്രം ആരാധിക്കുക; അവന്ന്



യാതൊരു പങ്കുകാരും പാടില്ല എന്നതാണ്'' (ഇബ്നു കസീർ, വാല്യം 4, പേജ്: 159).

ആകയാൽ തൗഹീദ് നിലനിർത്തുക. ശിർക്കിൽനിന്നും ജനതയെ മോചിപ്പിക്കുക, ഇതിന്നാണ് ഏതു സമുദ്ധാരകരും എപ്പോഴും പ്രാധാന്യം കൊടുക്കേണ്ടത്. പ്രത്യേകിച്ച് പ്രവാചകന്റെ പിൻഗാമികളായി ഈ ദൗത്യപ്രബോധനം ഏറ്റെടുത്തിട്ടുള്ളവർ. രാഷ്ട്രീയമോ സാമ്പത്തികമോ വിദ്യാഭ്യാസപരമോ വ്യാവസായികമോ തൊഴിൽപരമോ കാർഷികമോ കച്ചവടപരമോ ആയ ജീവിതമാർഗങ്ങളിൽ പുരോഗതി കൈവരുത്തുവാനായി വല്ലതും പ്രവത്തിക്കാൻ പാടില്ലെന്നോ പ്രവാചകദൗത്യത്തിൽ അവ സംബന്ധിച്ച് യാതൊരു പരാമർശവും നിർദേശവുമില്ലെന്നോ അല്ല ഇപ്പറഞ്ഞതിനർഥം; വെറും കാണികളായി നോക്കി നിൽക്കണമെന്നുമല്ല. അവയെല്ലാം വ്യക്തിക്ക് തോന്നിയപോലെ കൈകാര്യം ചെയ്യാമെന്നും ഇസ്‌ലാമിന്റെ യാതൊരു നിയന്ത്രണവുമില്ലെന്നും മുൻപറഞ്ഞതിനർഥമില്ല.

ആദ്യമായി ഏകദൈവ സിദ്ധാന്തം അംഗീകരിക്കുക. ബഹുദൈവാരാധനാപരമായ വിശ്വാസങ്ങളിൽനിന്നും കർമങ്ങളിൽനിന്നും ശുദ്ധി നേടുക. ആ നിലയിൽ ദൈവവിശ്വാസത്തിലും പരലോകബോധത്തിലും അടിയുറച്ച ഒരു സമൂഹത്തെ വാർത്തെടുക്കുക എന്നാണ്. മത പ്രബോധനപരമായ ജിഹാദ് എന്നത് പ്രഥമമായി ഇതിനുവേണ്ടിയാണ് ആയിരിക്കേണ്ടത്. അങ്ങനെയുള്ളൊരു തത്ത്വത്തിലും ബോധത്തിലും വളർന്നുവരുന്ന സമൂഹം-അവർ അതിൽ ആത്മാർഥമായി മുട്ടുറച്ചവരെങ്കിൽ- സ്വാഭാവികമായും സന്മാർഗികബോധം അവരിൽ കരുപ്പിടിച്ചിരിക്കും. അവരുടെ സാമൂഹ്യവും വ്യക്തിപരവുമായ എല്ലാ ഇടപാടുകളും ആ സന്മാർഗിക ചിന്തയോടെ കൈകാര്യം ചെയ്യപ്പെടുന്നതും കച്ചവടമോ കൃഷിയോ വിദ്യാഭ്യാസമോ രാഷ്ട്രീയമോ തൊഴിലോ-എതു രംഗമായിരിക്കട്ടെ-അവയിൽ ദൈവികമായ പൊതു സന്മാർഗിക നിർദേശങ്ങൾ എന്തൊക്കെയെന്നു കണ്ടെത്താനുള്ള ബദ്ധപ്പാടും ബേജാറും അവരിൽ ഉണ്ടായിരിക്കുകയും എല്ലാവരോടുമുള്ള ഗുണകാംക്ഷയോടെ നിർദേശങ്ങൾ സസൂക്ഷ്മം അവർ പാലിക്കുകയും ചെയ്യും. അങ്ങനെ ഏതൊരു തനി ഭൗതിക പ്രശ്നവും അവരുടെ ധാർമികതയുടെ ഭാഗമായി സ്വമേധയാ കലാശിക്കുന്നു. ആകയാൽ അത്തരം രംഗങ്ങളിലെ ഒരു പ്രശ്നവുംതന്നെ-അതെത്ര ഗുരുതരവും സങ്കീർണവും ആയിരുന്നാലും ശരി- പ്രബോധനത്തിന്റെ മുഖ്യഭാഗമാക്കേണ്ടതില്ല. ആക്കുകയാണെങ്കിൽ ആഹാരകാര്യത്തിൽ ശ്രദ്ധപതിപ്പിക്കാതെ ഔഷധങ്ങളിൽ മാത്രം ശ്രദ്ധിക്കുന്ന ഒരു രോഗിയുടെ നിലയായിരിക്കും അത്തരക്കാരുടേത്. അങ്ങനെയുള്ളൊരു രോഗിയാക്കേണമോ ഈ സമുദായത്തെ? സമുദായത്തിന്റെ ഉയർച്ച പോയിട്ട് അസ്തിത്വവും നിലനിൽപും തന്നെ നഷ്ടപ്പെടുകയല്ലേ അതുമൂലം ഉണ്ടാകുക? സമുദായ സമുദ്ധാരകരായി രംഗത്തുള്ള അനേകം വിഭാഗങ്ങൾ ഈ മർമത്തെക്കുറിച്ച് ഇനിയും ബോധവാന്മാരാകേണ്ടതായിട്ടാണിരിക്കുന്നതെന്ന് കാണാൻ പ്രയാസമില്ല. ■

**തൗഹീദ് നിലനിർത്തുക. ശിർക്കിൽനിന്നും ജനതയെ മോചിപ്പിക്കുക, ഇതിന്നാണ് ഏതു സമുദ്ധാരകരും എപ്പോഴും പ്രാധാന്യം കൊടുക്കേണ്ടത്. പ്രത്യേകിച്ച് പ്രവാചകന്റെ പിൻഗാമികളായി ഈ ദൗത്യ പ്രബോധനം ഏറ്റെടുത്തിട്ടുള്ളവർ. രാഷ്ട്രീയമോ സാമ്പത്തികമോ വിദ്യാഭ്യാസപരമോ വ്യാവസായികമോ തൊഴിൽപരമോ കാർഷികമോ കച്ചവടപരമോ ആയ ജീവിതമാർഗങ്ങളിൽ പുരോഗതി കൈവരുത്തുവാനായി വല്ലതും പ്രവത്തിക്കാൻ പാടില്ലെന്നോ പ്രവാചകദൗത്യത്തിൽ അവ സംബന്ധിച്ച് യാതൊരു പരാമർശവും നിർദേശവുമില്ലെന്നോ അല്ല ഇപ്പറഞ്ഞതിനർഥം; വെറും കാണികളായി നോക്കി നിൽക്കണമെന്നുമല്ല. അവയെല്ലാം വ്യക്തിക്ക് തോന്നിയപോലെ കൈകാര്യം ചെയ്യാമെന്നും ഇസ്‌ലാമിന്റെ യാതൊരു നിയന്ത്രണവുമില്ലെന്നും മുൻപറഞ്ഞതിനർഥമില്ല.**



# പ്രതിഫലനാളിന്റെ ഉടമസ്ഥൻ

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

"പ്രതിഫലനാളിന്റെ ഉടമസ്ഥനായവൻ" (ഖുർആൻ 1: 4).

വരാനിരിക്കുന്ന ഒരു 'പ്രതിഫലനാൾ'- ഇസ്‌ലാം മനുഷ്യരാശിക്ക് നൽകുന്ന മുന്നറിയിപ്പും സന്തോഷവാർത്തയുമാണിത്. ഓരോ വിശ്വാസിക്കും ജീവിതത്തിലെ ഏത് പ്രതിസന്ധികളെയും മറികടന്ന് അതിവേഗം മുന്നോട്ട് കുതിക്കാൻ പ്രേരണ നൽകുന്ന, സ്രഷ്ടാവ് അറിയിച്ചുതന്ന യാഥാർഥ്യം.

മല പോലെ മുന്നിൽ വന്ന് തടസ്സം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ ഏറ്റവും ലളിതമായി കൈകാര്യം ചെയ്യാനും ഏത് പരിഹാസങ്ങളുടെയും കുറ്റപ്പെടുത്തലുകളുടെയും മുന്നിൽ നിവർന്നുനിൽക്കാനും തോന്നിപ്പിക്കുന്ന ഒന്നാണ് 'പ്രതിഫലനാളി'ലുള്ള അടിയുറച്ച വിശ്വാസം. ഓരോ നന്മയും കൂടുതൽ ഊർജസ്വലതയോടെ നിർവഹിക്കുവാനും അരുതായ്മകളിൽനിന്ന് അകലം പാലിക്കുവാനും വിശ്വാസിയെ പ്രേരിപ്പിക്കുന്നു പ്രതിഫലനാളിനെക്കുറിച്ചുള്ള ചിന്ത.

അധികാരത്തിന്റെ ഹുങ്കിൽ മതവിശ്വാസങ്ങൾക്കുനേരെ ആക്രോശം നടത്തുന്ന പ്രവണത വർധിച്ച ഒരു കാലഘട്ടമാണിത്. ഓരോ മതവിശ്വാസിക്കും തനിക്ക് ഇഷ്ടമുള്ള വിശ്വാസമാർഗത്തിൽ ജീവിക്കാനാകാതെ വരുന്നത് ഊഹിക്കാനാവാത്ത മനഃപ്രയാസങ്ങൾക്കും സങ്കടങ്ങൾക്കും കാരണമാകുമെന്നതിൽ തർക്കമില്ല. കോവിഡ് മൂലം ആരാധനകൾ നിർവഹിക്കാൻ കഴിയാതെപോയ സമയത്ത് വിശ്വാസികൾ അനുഭവിച്ച മാനസിക സംഘർഷം ചെറുതല്ല.

അതിൽനിന്ന് മുക്തിനേടി പഴയ അവസ്ഥയിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന സമയത്താണ് മനുഷ്യർ സൃഷ്ടിക്കുന്ന ബോധപൂർവമായ ചില തടസ്സങ്ങൾ... ഹലാൽ വിവാദം, ലൗ ജിഹാദ്, ഹിജാബ്... അങ്ങനെ പലതും. ഇതരർക്ക് ഉപദ്രവമില്ലാത്ത ആചാരാനുഷ്ഠാനങ്ങളെ എതിർക്കുക, ദുരാരോപണങ്ങൾ ഉന്നയിക്കുക...! ഇതുകൊണ്ടൊക്കെ ലക്ഷ്യമാക്കുന്നത് മാന്യമായി ജീവിക്കുന്നവരെ സങ്കടപ്പെടുത്തുക, ഭയപ്പെടുത്തുക എന്നതല്ലാതെ മറ്റെന്താണ്?

എന്നാൽ ഇത്തരം ആക്രമണങ്ങളെയെല്ലാം മറികടക്കാൻ വിശ്വാസിയുടെ മനസ്സിന് കരുത്തു പകരുന്ന ഒന്നത്രെ പ്രതിഫലനാളിലുള്ള വിശ്വാസം. വിശ്വാസിക്ക് അഭയം തേടാനുള്ള അഭയകേന്ദ്രം, അതത്രെ പ്രതിഫലനാളിന്റെ ഉടമസ്ഥൻ.

പ്രതിഫലനാൾ സമ്പൂർണമായി നീതി നടപ്പിലാക്കപ്പെടുന്ന ദിവസമാണ്. ഇഹലോകത്തെ സകല നന്മകൾക്കും തിന്മകൾക്കും അർഹിക്കുന്ന പ്രതിഫലം നൽകപ്പെടുന്ന ദിവസം!

"ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നീതിപൂർണമായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. അത് (കർമം) ഒരു കടുകുമണിത്തൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ടുവരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി" (ഖുർആൻ 21:47).

ചിന്തിക്കുക! ആരെങ്കിലും തന്റെ അധികാരത്തിന്റെ, സമ്പത്തിന്റെ, ആൾബലത്തിന്റെ, ശക്തിയുടെ പിൻബലത്തിൽ ഏതെങ്കിലുമൊരു സാധുവിന്റെ അവകാശം തട്ടിയെടുത്തിട്ടുണ്ടെങ്കിൽ, അഭിമാനത്തിന് ക്ഷതമേൽപിച്ചിട്ടുണ്ടെങ്കിൽ, ധനം കവർന്നെടുത്തിട്ടുണ്ടെങ്കിൽ പ്രതിഫലനാളിന്റെ ഉടമസ്ഥൻ വെറുതെ വിടില്ല. ആ ഓർമ നമ്മെ വിട്ടുമാറാതിരിക്കട്ടെ. നമ്മെ സമൂലമായി പരിവർത്തിപ്പിക്കാനും പ്രതിസന്ധികളുടെ കുത്തൊഴുക്കിൽ തടയണകെട്ടി പിടിച്ചു നിൽക്കാനുമുള്ള കരുത്ത് പ്രതിഫലനാളിലുള്ള വിശ്വാസം നമുക്ക് നൽകാതിരിക്കില്ല.






# മഴയും മേഘങ്ങളും: വിസ്മയകരമായ ക്വുർആൻ വചനങ്ങൾ


ഡോ. ടി. കെ യൂസുഫ്

:9349798262


ആകാശത്തുനിന്നും ശുദ്ധജലമിറക്കിയത് അല്ലാഹുവിന്റെ അനുഗ്രഹമായിട്ടാണ് ക്വുർആൻ എടുത്ത് പറയുന്നത്. അല്ലാഹു പറയുന്നു: “ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽനിന്ന് ഇറക്കിയത്? അതല്ല നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദി കാണിക്കാത്തെതെന്താണ്?” (56:68 70). മഴവെള്ളത്തെ മേഘത്തിൽനിന്നിറക്കിയതും അതിനെ ഉപ്പുരുചിയിൽനിന്ന് മുക്തമാക്കിയതുമാണ് ഈ വചനങ്ങളിൽ അല്ലാഹു ഊന്നിപ്പറയുന്നത്.

ഭൂമയിൽനിന്ന് നീരാവിയായിപ്പോകുന്ന വെള്ളം സമുദ്രനിരപ്പിൽനിന്നും 7 മുതൽ 16 വരെ കിലോമീറ്റർ ഉയരത്തിൽ തങ്ങിനിൽക്കുകയും അത് അവിടെവച്ച് മേഘമായി രൂപപ്പെടുകയുമാണ് ചെയ്യുന്നത്. സമുദ്രനിരപ്പിൽനിന്ന് മേൽപോട്ടുയരുന്നതിനനുസരിച്ച് അന്തരീക്ഷ ഊഷ്മാവ് കുറഞ്ഞുവരികയാണ് ചെയ്യുന്നത്. മേഘ മണ്ഡലത്തിലെത്തുമ്പോൾ താപനില വളരെ താഴുകയും അവിടെവച്ച് മഴമേഘം രൂപപ്പെടുകയും ചെയ്യും.



മേഘങ്ങൾ സ്ഥിതിചെയ്യുന്ന ദൂരം, അവയുടെ ആകൃതി, നിറങ്ങൾ എന്നിവ പരിഗണിച്ച് മേഘങ്ങളെ പല ഇനങ്ങളായി തിരിച്ചിട്ടുണ്ട്. അവയെ വേണമെങ്കിൽ നൂറിലേറെ ഇനങ്ങളായി തരംതിരിക്കാൻ കഴിയുമെന്ന് ശാസ്ത്രം പറയുന്നു. എന്നാൽ അവയിൽ വളരെക്കുറച്ച് ഇനങ്ങളെ മാത്രമെ മഴമേഘങ്ങളായി പരിഗണിക്കുന്നുള്ളൂ. അതിലൊന്ന് ഭൂമിയിലെ പർവതനിരകൾ പോലുള്ള കൂറ്റൻ മേഘക്കൂട്ടങ്ങളാണ്. അവയ്ക്ക് കിലോമീറ്ററുകളോളം കട്ടിയുണ്ടാകും. ഇടിമിന്നലുകളും ആലിപ്പഴവും ഈ കനത്ത മേഘത്തിൽ മാത്രമെ കാണപ്പെടുന്നുള്ളൂ. ഈ മേഘത്തെ അപേക്ഷിച്ച് താരതമ്യേന കനംകുറഞ്ഞ മറ്റൊരു മഴമേഘം കൂടിയുണ്ട്. അടുക്കുകളായി കാണപ്പെടുന്ന ഇവ കിലോമീറ്ററുകളോളം നീണ്ടുകിടക്കാറുണ്ട്. ഇടിമിന്നലുകളും ആലിപ്പഴവും ഈ മേഘങ്ങളിൽനിന്ന് ആവിർഭവിക്കാറില്ല. മഴമേഘങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇത്തരം മേഘങ്ങളിൽനിന്നും എപ്പോഴും മഴ വർഷിക്കണമെന്നില്ല. അതിന് വേറെയും ചില ഘടകങ്ങൾ ഒത്തുവരേണ്ടതുണ്ട്. അന്തരീക്ഷത്തിലെ ഈർപ്പവും ഊഷ്മാവും അതിൽ പ്രധാനഘടകങ്ങളാണ്. അല്ലാഹുവിന്റെ കൽപനപ്രകാരം അനുകൂല ഘടകങ്ങൾ ഒത്തുകൂടിയാൽ രണ്ടാമത് പറഞ്ഞ മേഘത്തിൽനിന്നാണ് വ്യാപകമായ പേമാരി ലഭിക്കാറുള്ളത്.

മേഘങ്ങളെ സൃഷ്ടിക്കാനോ അവയെ മഴ പെയ്യുന്ന പരുവത്തിലാക്കാനോ മനുഷ്യന് കഴിയുകയില്ല. ലക്ഷണമൊത്ത മേഘങ്ങളിൽനിന്ന് വേണമെങ്കിൽ പരിമിതമായ വിജയ സാധ്യതയോടുകൂടി കൃത്രിമ മഴ പെയ്യിക്കാൻ കഴിഞ്ഞെന്ന് വരും. എങ്കിൽ തന്നെയും മഴയുടെ അളവും അത് ലഭിക്കുന്ന സ്ഥലവും കൃത്യമായി പ്രവചിക്കാൻ സാധിക്കുകയില്ല. കാലാവസ്ഥാനിരീക്ഷകർ അന്തരീക്ഷ മർദം പരിശോധിച്ച് മഴവർഷിക്കുന്നതിനെക്കുറിച്ച് പ്രവചനം നടത്താറുണ്ടെങ്കിലും അത് ഒരിക്കലും കൃത്യവും കുറ്റമറ്റതുമായിത്തീരാറില്ല.

**മേഘങ്ങളെ സൃഷ്ടിക്കാനോ അവയെ മഴ പെയ്യുന്ന പരുവത്തിലാക്കാനോ മനുഷ്യന് കഴിയുകയില്ല. ലക്ഷണമൊത്ത മേഘങ്ങളിൽനിന്ന് വേണമെങ്കിൽ പരിമിതമായ വിജയ സാധ്യതയോടുകൂടി കൃത്രിമ മഴ പെയ്യിക്കാൻ കഴിഞ്ഞെന്ന് വരും. എങ്കിൽ തന്നെയും മഴയുടെ അളവും അത് ലഭിക്കുന്ന സ്ഥലവും കൃത്യമായി പ്രവചിക്കാൻ സാധിക്കുകയില്ല. കാലാവസ്ഥാനിരീക്ഷകർ അന്തരീക്ഷ മർദം പരിശോധിച്ച് മഴവർഷിക്കുന്നതിനെക്കുറിച്ച് പ്രവചനം നടത്താറുണ്ടെങ്കിലും അത് ഒരിക്കലും കൃത്യവും കുറ്റമറ്റതുമായിത്തീരാറില്ല.**

മഴവെള്ളത്തിൽ ഉപ്പിന്റെ അംശം കലരാത്തതാണ് അല്ലാഹു മറ്റൊരു അനുഗ്രഹമായി എടുത്ത് പറയുന്നത്. ആകാശത്തിലേക്ക് നീരാവിയായി പോകുന്ന വെള്ളത്തിന്റെ നല്ലൊരു ശതമാനവും സമുദ്രത്തിൽ നിന്നാണ്. സമുദ്രജലത്തിലെ ഉപ്പിന്റെ അംശം കണക്കാക്കുന്നത് ആയിരത്തിൽ 34-36 അംശം എന്ന തോതിലാണ്. ചെങ്കടലിൽ ഉപ്പിന്റെ സാന്ദ്രത ആയിരത്തിൽ 41 അംശം എന്ന തോതിലാണ്. സമുദ്രജലത്തിലെ ഉപ്പിന്റെ അളവ് ചുറ്റുപാടുകൾക്കനുസരിച്ച് വ്യത്യാസപ്പെടാറുണ്ട്. ആകാശത്തുനിന്നും മഴയായും ആലിപ്പഴമായും വർഷിക്കുന്ന വെള്ളം പ്രകൃതിയിലെ ഏറ്റവും ശുദ്ധമായ



**സമുദ്രജലത്തിൽ നിന്ന് നീരാവിയായി പോകുന്ന ജലം അതിലെ ഉപ്പിന്റെ അംശത്തോടുകൂടിയാണ് മേലോട്ടുയരുന്നതെങ്കിൽ മഴവെള്ളത്തിലും ഉപ്പുലവണങ്ങൾ കാണപ്പെടുമായിരുന്നു. എങ്കിൽ അതുകൊണ്ട് ശുദ്ധജലത്തിന്റെ ആവശ്യങ്ങളൊന്നും നിർവഹിക്കാൻ സാധിക്കുമായിരുന്നില്ല. എന്നാൽ കാരുണ്യവാനായ അല്ലാഹു ഭൂമിയിലെ സസ്യങ്ങളുടെയും മനുഷ്യരുടെയും ജീവജാലങ്ങളുടെയും നിലനിൽപിന് ആധാരമായ ശുദ്ധജലം തന്നെയാണ് ആകാശത്തുനിന്നും വർഷിപ്പിക്കുന്നത്**

ജലമാണ്. അതിൽ ഉപ്പിന്റെ അംശം ഒരു മില്യണിൽ ഇരുപത് അംശം മാത്രമാണുള്ളത്. എന്നാൽ മഴവെള്ളം ഭൂമിയിൽ പതിച്ച് മണ്ണിലൂടെ സഞ്ചരിക്കുന്നതോടുകൂടി പ്രകൃതിയിലെ ഉപ്പിന്റെ അംശം അതിൽ കലരുകയും പിന്നീട് അതിലെ ഉപ്പിന്റെ തോത് ഒരു മില്യണിൽ ആയിരം അംശം എന്ന രൂപത്തിൽ വർധിക്കുകയും ചെയ്യും.

സമുദ്രജലത്തിൽനിന്ന് നീരാവിയായി പോകുന്ന ജലം അതിലെ ഉപ്പിന്റെ അംശത്തോടുകൂടിയാണ് മേലോട്ടുയരുന്നതെങ്കിൽ മഴവെള്ളത്തിലും ഉപ്പുലവണങ്ങൾ കാണപ്പെടുമായിരുന്നു. എങ്കിൽ അതുകൊണ്ട് ശുദ്ധജലത്തിന്റെ ആവശ്യങ്ങളൊന്നും നിർവഹിക്കാൻ സാധിക്കുമായിരുന്നില്ല. എന്നാൽ കാരുണ്യവാനായ അല്ലാഹു ഭൂമിയിലെ സസ്യങ്ങളുടെയും മനുഷ്യരുടെയും ജീവജാലങ്ങളുടെയും നിലനിൽപിന് ആധാരമായ ശുദ്ധജലംതന്നെയാണ് ആകാശത്തുനിന്നും വർഷിപ്പിക്കുന്നത്. ഇക്കാര്യം ഖുർആനിൽ ധാരാളം വചനങ്ങളിൽ സൂചിപ്പിക്കുന്നതായി കാണാം:

“അവനാണ് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നത്. അതിൽനിന്നാണ് നിങ്ങളുടെ കുടിനീര്. അതിൽനിന്നുതന്നെയാണ് നിങ്ങൾക്ക് കാലികളെ മേയ്ക്കാനുള്ള ചെടികളുമുണ്ടാകുന്നത്. ആ വെള്ളംകൊണ്ട് ധാന്യവിളകളും ഒലീവും ഈന്തപ്പനയും മുന്തിരികളും എല്ലാതരം ഫലവർഗങ്ങളും നിങ്ങൾക്ക് അവൻ മുളപ്പിച്ചുതരുന്നു. ചിന്തിക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്” (16:10,11).

മേഘങ്ങൾ രൂപപ്പെടുന്നതിനെക്കുറിച്ചും അവയിൽനിന്ന് മഴവർഷിക്കുന്നതിനെക്കുറിച്ചും ഇടിമിന്നലുകളുണ്ടാകുന്നതിനെക്കുറിച്ചും ആലോചിക്കാൻ അല്ലാഹു നമ്മോട് ആവശ്യപ്പെടുന്നുണ്ട്:

“അല്ലാഹു കാർമേഘത്തെ തെളിച്ച് കൊണ്ടുവരികയും എന്നിട്ട് അത് തമ്മിൽ സംയോജിപ്പിക്കുകയും എന്നിട്ടവൻ അതിനെ അട്ടിയാക്കുകയും ചെയ്യുന്നത് നീ കണ്ടില്ലേ? അപ്പോൾ അതിനിടയിലൂടെ മഴ പുറത്തുവരുന്നതായി നിനക്ക് കാണാം, ആകാശത്തുനിന്ന് അവിടെയുള്ള മലകൾപോലുള്ള മേഘക്കൂമ്പാരത്തിൽ നിന്ന് അവൻ ആലിപ്പഴം ഇറക്കുകയും എന്നിട്ട് താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ അത് ബാധിപ്പിക്കുകയും താൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് അവൻ തിരിച്ചുവിടുകയും ചെയ്യുന്നു. അതിന്റെ മിന്നൽ വെളിച്ചം കാഴ്ചകളെ റാഞ്ചിക്കളയുമാറാകുന്നു” (24:43).

സമുദ്രനിരപ്പിൽനിന്ന് മേലോട്ടുയരുന്നതിനനുസരിച്ച് അന്തരീക്ഷതാപം കുറഞ്ഞുവരികയും ഏഴ് മുതൽ 20 കിലോമീറ്റർ വരെ ഉയരത്തിൽ വളരെയധികം തണുക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം അല്ലാഹു സംവിധാനിച്ചതുകൊണ്ടാണ് ഭൂമിയിൽനിന്നുയരുന്ന നീരാവി തണുത്തുറഞ്ഞ് മേഘങ്ങളുണ്ടാകുന്നത്. മേഘങ്ങളെ സംയോജിപ്പിക്കുകയും മഴവർഷിക്കേണ്ടിടത്തേക്ക് അവയെ സഞ്ചരിപ്പിക്കുയും ചെയ്യുന്നത് കാറ്റുകളാണ്. ഭൂമിയിലെ അന്തരീക്ഷത്തിലെ ഏറ്റക്കുറവാണ് കാറ്റിന്റെ ചലനത്തിന്റെ ഗതി നിർവഹിക്കുന്നത്. ഭൂമി സൂര്യന് ചുറ്റും 66.5 ഡിഗ്രി ചെരിവിൽ കറങ്ങുന്നതുകൊണ്ടാണ് ഭൂമിയിലെ താപനില വ്യത്യാസ

പ്പെടുകയും തണുത്തതും ചൂടുള്ളതുമായ കാറ്റുകൾ അടിച്ചുവീശുകയും ചെയ്യുന്നത്. ഭൂമിയിലെ നിംനോന്നതികളും ഈ രംഗത്ത് അതിന്റെതായ പങ്കുവഹിക്കുന്നുണ്ട്. സർവജ്ഞാനിയായ ഒരു രക്ഷിതാവിന്റെ ആസൂത്രണമില്ലാതെ ഇത്തരം പ്രതിഭാസങ്ങൾ ഒരിക്കലും നടക്കുകയില്ല:

“കാറ്റുകളുടെ ഗതിനിയന്ത്രണത്തിലും ചിന്തിച്ചുമനസ്സിലാക്കുന്ന ആളുകൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്” (45:5) എന്ന ഖുർആൻ വചനം ഇവിടെ സ്മരണീയമാണ്.

മേഘങ്ങൾ പലയിനങ്ങളായി വിഭജിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ മൂന്നുതരം മേഘങ്ങളിൽ നിന്നാണ് പ്രധാനമായും മഴ വർഷിക്കാറുള്ളത്. അവയുടെ വിശേഷണങ്ങൾ പരിശോധിക്കുകയാണെങ്കിൽ അവയെല്ലാം ഖുർആനിൽ പരാമർശിച്ച മേഘങ്ങളോട് യോജിക്കുന്നതായി കാണാം. അവയിലൊന്ന് കൂമ്പാരമേഘമാണ് (Heap Clouds). കോളിഫ്ളവർ ആകൃതിയിലുള്ള ഇവ വളരെ പ്രകടമായി കാണുന്നതും വളരെ വ്യാപ്തിയുള്ളതുമാണ്. ഇവയ്ക്ക് ഭൂമിയിൽ നിന്ന് ഇരുപത് കിലോമീറ്റർവരെ ഉയരം കാണുന്നുണ്ട്. മറ്റൊന്ന് കുമുലസ് മേഘങ്ങളാണ് (Cumulus Clouds). കുമുലസ് എന്ന ലാറ്റിൻ പദത്തിന്റെ അർഥം തന്നെ ‘കൂമ്പാരമാകുക’ എന്നാണ്. പഞ്ഞിക്കെട്ടുകൾ പോലുള്ള ഇവയിൽനിന്നാണ്



**ഭൂമിയിലെ അന്തരീക്ഷത്തിലെ ഏറ്റക്കുറവാണ് കാറ്റിന്റെ ചലനത്തിന്റെ ഗതി നിർവഹിക്കുന്നത്. ഭൂമി സൂര്യന് ചുറ്റും 66.5 ഡിഗ്രി ചെരിവിൽ കറങ്ങുന്നതുകൊണ്ടാണ് ഭൂമിയിലെ താപനില വ്യത്യാസപ്പെടുകയും തണുത്തതും ചൂടുള്ളതുമായ കാറ്റുകൾ അടിച്ചുവീശുകയും ചെയ്യുന്നത്. ഭൂമിയിലെ നിംനോന്നതികളും ഈ രംഗത്ത് അതിന്റെതായ പങ്കുവഹിക്കുന്നുണ്ട്. സർവജ്ഞാനിയായ ഒരു രക്ഷിതാവിന്റെ ആസൂത്രണമില്ലാതെ ഇത്തരം പ്രതിഭാസങ്ങൾ ഒരിക്കലും നടക്കുകയില്ല**

ആലിപ്പഴവും ഇടിമിന്നലുകളുമുണ്ടാകുന്നത്. ഒന്നിനുമുകളിൽ മറ്റൊന്നായി കാണപ്പെടുന്ന അട്ടി മേഘങ്ങളും (Layer Clouds) മഴമേഘങ്ങളിൽ പെട്ടത് തന്നെയാണ്.

നീരാവി മേലോട്ടുയർന്ന് മേഘങ്ങൾ രൂപ്പെട്ടത;കൊണ്ട് മാത്രം മഴവർഷിക്കുകയില്ല. അല്ലാഹുവിന്റെ കൽപന പ്രകാരം കാറ്റുകൾ അവയെ വഹിച്ചു കൊണ്ടുവന്ന്, ശാസ്ത്രം കേന്ദ്രീകൃത മേഖലകൾ (Conv-ergence Zones) എന്ന് വിളിക്കുന്ന പ്രദേശത്ത് അവ ഒരുമിച്ചു കൂടേണ്ടതുണ്ട്. അതുപോലെ മേഘലയനം (Cloud Merging) എന്ന് വിശേഷിപ്പിക്കുന്ന മറ്റൊരു പ്രക്രിയയും നടക്കേണ്ടതുണ്ട്. മേഘ സംയോജനത്തിനിടയിൽ വിപരീത ചാർജുള്ളവ കൂട്ടിമുട്ടുമ്പോഴാണ് ഇടി, മിന്നൽ പ്രതിഭാസങ്ങളുണ്ടാകുന്നത്. മേഘലയനം കാരണം മേലോട്ടുയരുന്ന വായുപ്രവാഹം വീണ്ടും നീരാവിയെയും മേഘങ്ങളെയും ആകർഷിക്കുകയും കാർമേഘം ഭീമാകാരമായ ഒരു കൂമ്പാരമായിത്തീരുകയും ചെയ്യും. ഈ മേഘത്തിന്റെ വലിപ്പം അല്ലാഹു ഉദ്ദേശിച്ച തോതിലെത്തുമ്പോൾ അവൻ ഉദ്ദേശിക്കുന്ന അളവിൽ അതിൽനിന്ന് അവൻ മഴ വർഷിപ്പിക്കുകയും ചെയ്യും. മേഘക്കൂമ്പാരത്തിലെ താപനില പൂജ്യത്തിന് താഴെ നാൽപതുവരെ എത്തുന്ന സന്ദർഭത്തിലാണ് ആലിപ്പഴവും മഞ്ഞുകട്ടകളും വർഷിക്കുന്നത്. ഇടിമിന്നലുകൾ പോലെ മേഘങ്ങളിൽനിന്ന് മഞ്ഞുകട്ടകൾ വർഷിക്കുന്നതും ഒരു വിപത്താണ്. അത് ചിലർക്ക് ബാധിക്കുകയും മറ്റു ചിലർ അതിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുന്നത് അല്ലാഹുവിന്റെ ഉദ്ദേശമനുസരിച്ചാണ്. ഖുർആൻ പറയുന്നതു പോലെ ‘കാർമേഘങ്ങളെ തെളിച്ച് കൊണ്ടുവന്ന് സമാഹരിച്ച് അവയെ അടുക്കുകളായി സംയോജിപ്പ് അവയിൽനിന്ന് മഴയും ആലിപ്പഴവും ഇടിമിന്നലും ഉണ്ടാക്കുന്നത് അല്ലാഹുവാണ്. ഈ പ്രതിഭാസങ്ങളെ നിർമിക്കാനും നിയന്ത്രിക്കാനും മനുഷ്യൻ തീർത്തും നിസ്സഹായനാണ്.




# ഹിറായിലെ ആദ്യാക്ഷരങ്ങൾ!

**അബ്ദുൽ മാലിക് മൊറയൂർ**

പരിശുദ്ധ കഅ്ബയുടെ ചാരത്തുനിന്ന് ഏകദേശം നാലു കിലോമീറ്റർ സഞ്ചരിച്ചാൽ ഒരു പർവതം കാണാം. സാമാന്യം വലിപ്പമുണ്ട്. ജബലുന്നൂർ, ജബലുൽ ഇസ്‌ലാം എന്നീ പേരുകളിലാണ് ഈ മല അറിയപ്പെടുന്നത്. മനുഷ്യചരിത്രത്തിൽ ഒരു വഴിത്തിരിവിന് സാക്ഷിയായ സ്ഥലമാണിത്. ഭൂനിരപ്പിൽ നിന്ന് ഏകദേശം 600 മീറ്റർ മുകളിലായി ആ മലയിൽ ചെറിയൊരു ഗുഹയുണ്ട്. കഷ്ടിച്ച് നാലോ അഞ്ചോ പേർക്ക് കൂടിയിരിക്കാം; അത്രയാണ് അതിന്റെ വലിപ്പം. അധികമാരും അവിടേക്ക് കയറിപ്പോകാറില്ല.

മക്കയിലെ തന്റെ ജനതയുടെ ആത്മീയ, സാംസ്കാരിക രംഗത്തെ അരുതായ്മകളിൽ ഖിന്നനായിരുന്നു ‘അൽഅമീൻ’ എന്ന് നാം മുമ്പ് പറഞ്ഞിരുന്നല്ലോ. മക്കയെ മുച്ചൂടും മൂടിയിരുന്ന കൂരിരുട്ടിന്റെ പുതപ്പി നുള്ളിൽനിന്ന് പുറത്തുകടക്കാൻ അവിടുന്ന് അതിയായി കൊതിച്ചിരുന്നു. അതിനായി ഉപരിസൂചിത ഗുഹയിൽ ചെന്നിരുന്ന് അദ്ദേഹം ചിന്താനിമഗ്നനാകുമായിരുന്നു.

എന്തോ എന്നറിയില്ല; ആറു മാസത്തോളമായി കാണുന്ന സ്വപ്നങ്ങളെല്ലാം പകൽവെട്ടം പോലെ പുലർന്നുകൊണ്ടിരിക്കുന്നു! സന്തുഷ്ട കുടുംബജീവിതം നയിക്കുന്നിടയിൽതന്നെ ഹിറാഗുഹ അദ്ദേഹത്തിന് എന്തൊന്നില്ലാത്ത ആശ്വാസം നൽകിയിരുന്നു.

ചിലപ്പോൾ അവിടെയുള്ള ഇരുത്തം ദിനങ്ങളോളം നീളും. ഭക്ഷണ പാനീയങ്ങളുമായിട്ടാണ് വീട്ടിൽ നിന്ന് പത്നി ഖദീജ(റ) യാത്രയാക്കാറുണ്ടായിരുന്നത് എന്നതിനാൽ ഭക്ഷണകാര്യത്തിൽ മറ്റൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല!

ഹിറായിൽനിന്ന് നോക്കിയാൽ മക്ക കാണാം. ആളുകൾ ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ നെട്ടോട്ടത്തിലാണ്. ആട്ടിൻ പറ്റങ്ങൾ, ഒട്ടകക്കൂട്ടങ്ങൾ, ചന്തയിലെ ആരവങ്ങൾ, പൊന്തിനിൽക്കുന്ന മണൽക്കൂനകൾ, പുറത്തേക്ക് തലനീട്ടി നിൽക്കുന്ന കല്ലുകൾ നിറഞ്ഞ ഹരിതരഹിത മലനിരകൾ... കാഴ്ചകൾ എമ്പാടുമുണ്ട്. പക്ഷേ, തന്റെയുള്ളിൽ അലയടിക്കുന്ന ആത്മീയതയുടെ തിരമാലകളെ അടക്കിനിർത്താൻ ഈ സുന്ദരക്കാഴ്ചകൾ മതിയായിരുന്നില്ല!

അങ്ങനെയിരിക്കെയാണ് ആ സംഭവം നടന്നത്! റമദാനിലെ ഒരു പകലിന്റെ അന്ത്യം അറിയിച്ച് സൂര്യൻ അസ്തമിച്ചു! ഇരുട്ട് കൂടിവരുന്നു!

‘അൽഅമീൻ’ ഹിറായിലാണ്. കൂടെ ആരുമില്ല! രാത്രി സമയത്ത് ഒരു പർവത മുകളിലെ ഗുഹക്കുള്ളിൽ ഒറ്റക്കിരിക്കാൻ ഭയമൊന്നും അദ്ദേഹത്തിന് തോന്നുന്നില്ല! കണ്ണുകളെ ഉറക്കം സ്പർശിച്ചിട്ടില്ല! ക്ഷീണവുമില്ല!

പെട്ടെന്ന് ഒരാൾ തന്നെ അണച്ച് കൂട്ടിപ്പിടിച്ചതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു! സ്വപ്നമല്ല; യാഥാർഥ്യം തന്നെ! പിടുത്തത്തിന്റെ ശക്തി കൂടിവരുന്നു! കുതറാൻ പോലും കഴിയുന്നില്ല! ജീവൻ അപകടത്തിലാവുമോ എന്ന ഉൾഭയം ശക്തിപ്രാപിച്ചു!

‘ഇക്റഅ്’ എന്ന ശബ്ദം അദ്ദേഹത്തിന്റെ കർണപുടങ്ങളിൽ ശക്തിയായി പതിച്ചു. ആ കൂരിരുട്ടിന്റെ മൗനം ഈ ശബ്ദത്തിന് ശക്തികൂട്ടിയിരുന്നു!

‘എനിക്ക് വായിക്കാനറിയില്ല’ അദ്ദേഹം മറുപടി പറഞ്ഞു.

പക്ഷേ, ആദ്യത്തേതിനെക്കാൾ കൂടുതൽ ശക്തിയായി വീണ്ടും മുഴങ്ങി: 'ഇക്റഅ്.'

'എനിക്ക് വായിക്കാനറിയില്ല' മറുപടി വീണ്ടും വന്നു.

ഇനി വായിച്ചേ മതിയാവൂ; അഞ്ച് വാകൃങ്ങൾ 'റൂഹുൽ അമീൻ' 'അൽഅമീനി'ന്റെ ഹൃദയത്തിലേക്ക് പ്രവേശിപ്പിച്ചു. വല്ലാത്ത അനുഭവമാണത്. ശക്തിയേറിയ വാക്യങ്ങൾ!

ഇവ താങ്ങാൻ അദ്ദേഹത്തിന്റെ ഹൃദയത്തിന് ശക്തിയുണ്ടോ? ഉണ്ട്! കാരണം, ചെറുപ്പത്തിൽ ഒരു 'ഹൃദയ ശുദ്ധീകരണം' നടന്നിട്ടുണ്ട്. ഇതേ 'റുഹുൽ അമീൻ' വന്ന് നെഞ്ചു പിളർത്തി ഹൃദയം പുറത്തെ ടുത്ത് ശുദ്ധീകരിച്ചതാണ്.

അത് ഈ ദിനത്തിനു വേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആത്മീയതയുടെ അത്യുന്നത വാക്യങ്ങൾ സ്വീകരിക്കാൻ പാകത്തിൽ ഹൃദയം തരപ്പെട്ടിട്ടുണ്ട് എന്നർഥം.

സ്രഷ്ടാവിന്റെ വാക്കുകൾക്ക് വല്ലാത്ത ശക്തിയുണ്ട്! നെറ്റിത്തടം വിയർക്കുന്നുണ്ട്! മലമുകളിലെ തണുപ്പ് ഇപ്പോൾ തീരെ അറിയുന്നില്ല. ജിബ്‌രീലിന്റെ പിടിത്തം ഒട്ടും അയഞ്ഞിട്ടില്ല! അഞ്ച് വാക്യങ്ങൾ അദ്ദേഹം ഓതി. മനുഷ്യ ചരിത്രത്തിൽ പുതിയ അധ്യായം തുടങ്ങുകയാണ് ഈ അഞ്ച് സൂക്തങ്ങളിലൂടെ.

ഇരുൾ മുറ്റിയ ലോകത്തേക്ക് പ്രകാശകിരണങ്ങൾ പ്രവഹിച്ചു തുടങ്ങുന്നതിന്റെ ആരംഭം കുറിക്കുകയാണിവിടെ! ലോകം ഇനി പുതിയ വായന തുടങ്ങുകയാണ്; സ്രഷ്ടാവിന്റെ നാമത്തിലുള്ള വായന! പുസ്തകം മുന്നിൽ ഇല്ലാത്ത ആത്മീയ വായന!

ജിബ്‌രീൽ വായിച്ചു തുടങ്ങി: "സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക, നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരി ക്കുന്നു."

ഇത് ഓതിത്തീർന്നപ്പോൾ ജിബ്‌രീൽ പിടിത്തം അയച്ചു. ആശ്വാസം. അവിടുന്ന് വല്ലാതെ പേടിച്ചിട്ടുണ്ട് . 'റൂഹുൽഅമീൻ' തന്റെ ദൗത്യം കഴിഞ്ഞ് മടങ്ങി. അഞ്ച് വാക്യങ്ങൾ ഹൃദയത്തിൽ സ്വീകരിച്ച് പ്രവാചകൻ (സ്വ) ഗുഹയിൽ ഇത്തിരിനേരം ഇരുന്നു. ഭയം കാൽവിരലുകളിലൂടെ അരിച്ചുകയറുന്നുണ്ട്.

ശേഷം സ്വഭവനത്തിലേക്ക് ഓടി. നന്നായി കിതക്കുന്നുണ്ടായിരുന്നു. വീട്ടിൽ ഭാര്യയുണ്ട്; മഹതി ഖദീജ (റ). രാത്രി സമയത്ത് കിതച്ചോടി വന്ന തന്റെ പ്രിയതമനെ തന്മയത്വത്തോടെ സ്വീകരിച്ച ആ മഹതിയുടെ മഹിത മാതൃക ചരിത്രത്തിൽ ഇന്നും ഓർമിക്കപ്പെടുന്നുണ്ട്.

നേർമയുള്ള വാക്കിൽ നെയ്തെടുത്ത സാന്ത്വനത്തിന്റെ പുതപ്പു കൊണ്ട് അവർ നബി(സ്വ)യെ മൂടി. ലോകരക്ഷിതാവിന്റെ ദിവ്യസന്ദേശം ഹൃദയത്തിൽ സ്വീകരിച്ചാണ് തന്റെ ഭർത്താവ് മടങ്ങിയെത്തിയതെന്ന് ആ സ്നേഹനിധിയായ ഇണ അറിഞ്ഞിട്ടില്ല!

റമദാനിലെ ആ രാവ് അവസാനിച്ചപ്പോൾ ചരിത്രത്തിന്റെ പുതിയ പ്രഭാതം തുടങ്ങുകയായിരുന്നു. അന്തിമ വേദഗ്രന്ഥത്തിലെ ആദ്യ അഞ്ചു വാക്യങ്ങൾ ഭൂമിയിലെത്തിയ ആദ്യ രാത്രിയായിരുന്നു അത്! ചരിത്രത്തിൽ അത് ഓർമിക്കപ്പെടുന്നത് 'ലൈലതുൽ ഖദ്ർ' എന്ന പേരിലാണ്. ആയിരം രാവുകളെക്കാൾ പുണ്യം അതിനുണ്ട്!

ഇനി മുതൽ മക്കക്കാരുടെ 'അൽ അമീൻ' 'അല്ലാഹുവിന്റെ ദൂതനാ'ണ്. 'അല്ലാഹുവിന്റെ നബി'യാണ്. അജ്ഞതയുടെ ഇരുണ്ടലോകത്ത് പ്രകാശ വിപ്ലവം തുടങ്ങാൻ സമയമായപ്പോഴാണ് ഈ വെട്ടം ഹിറയിൽ വെളിപ്പെട്ടത്. ഇരുട്ടിലെ വിപ്ലവം പ്രകാശം കൊണ്ടാവണം. അജ്ഞതക്കെതിരെയുള്ള പടയോട്ടം വിജ്ഞാനം കൊണ്ടാവണം.

വിജ്ഞാനത്തിന്റെ പ്രഥമ വാതിലാണ് വായന. അതുകൊണ്ട് തന്നെ അന്തിമ വേദഗ്രന്ഥത്തിലെ ആദ്യ വചനങ്ങൾ വായനക്ക് ആഹ്വാനം ചെയ്തുകൊണ്ടാണ് തുടങ്ങുന്നത്. വിജ്ഞവിപ്ലവത്തിന്റെ ആദ്യക്ഷരങ്ങൾ എന്തുമാത്രം ചന്തമേറിയതാണെന്ന് ഇത് തെളിയിക്കുന്നു.

നബി(സ്വ)ക്ക് നടത്താനുള്ള ധർമസമരത്തിന്റെ നയപ്രഖ്യാപനമാണ് പ്രഥമ പഞ്ചവചനങ്ങളിലുള്ളത്. സ്രഷ്ടാവിനെക്കുറിച്ച് പഠിപ്പിച്ച്, ചിന്തയുടെ വാതിലുകൾ തുറന്ന്, പേനകൊണ്ട് ജ്ഞാനമാർഗം തുറക്കുന്ന അഞ്ച് വാക്യങ്ങളാണ് അവ.

വായിക്കുക എന്ന നിർദേശം രണ്ടുതവണ ആവർത്തിക്കപ്പെട്ടു, അഞ്ചു വാക്യങ്ങളിൽ രണ്ടു വാക്യങ്ങൾ തുടങ്ങുന്നതുതന്നെ വായന ഓർമപ്പെടുത്തിയാണ്! റബ്ബ് രണ്ടുതവണ സ്മരിക്കപ്പെട്ടിരിക്കുന്നു. സൃഷ്ടിപ്പും തഥൈവ. 'മനുഷ്യൻ' എന്നർഥമുള്ള 'ഇൻസാൻ' എന്ന പദം രണ്ടു പ്രാവശ്യം ആവർത്തിച്ചു. 'പേന' ഒരു തവണയും 'പഠിപ്പിച്ചു' എന്നർഥമുള്ള 'അല്ലമ' എന്ന പദം രണ്ടുതവണയും ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു! അഞ്ചു വാക്യങ്ങളിൽ വിജ്ഞാനം നിറച്ചുവച്ചിരിക്കുന്നു എന്നർഥം!

മനുഷ്യസൃഷ്ടിപ്പിന്റെ പ്രഥമ രൂപമായ 'അലകി'നെ കുറിച്ചും ഇതിൽ പറഞ്ഞിരിക്കുന്നു. സത്യത്തിൽ ഈ പഞ്ച വചനങ്ങൾ ഒരു മഹാത്ഭുതം തന്നെയാണ്! വിജ്ഞാനത്തിന്റെ വിത്തുകൾ ഈ വിധം ഭംഗിയായി വിതക്കാൻ സ്രഷ്ടാവിനല്ലാതെ മറ്റാർക്ക് കഴിയും! അറ്റമില്ലാത്ത വിജ്ഞാനത്തിന്റെ ആദ്യക്ഷരങ്ങൾ സ്രഷ്ടാവിൽനിന്നു നേടിയ ഒരു വ്യക്തി ലോകത്തിന്റെ നെറുകയിലെത്തില്ലേ? തീർച്ചയായും!

അതെ, ഹിറയിൽനിന്ന് പഠിച്ച ആദ്യാക്ഷരങ്ങളുമായി പ്രവാചകൻ (സ്വ) ലോകത്തിന്റെ നെറുകയിലേക്ക് യാത്രയാരംഭിക്കുകയാണ്. വെളിച്ചം വിതറിയ ആ യാത്രയുടെ ഭംഗി വാക്കുകൾക്കതീതമാണ്. ■



# ഇബ്നുൽ ജൗസി

**സഹൽ മങ്കട, ജാമിഅ അൽഹിന്ദ്**

അബ്ബാസിയ ഭരണകൂടത്തെ താർത്താരികൾ സ്ഥാന ഭ്രഷ്ടരാക്കുന്നതിന് ഏകദേശം ഒന്നര നൂറ്റാണ്ട് മുമ്പാണ് വിശ്രുത പണ്ഡിതൻ ഇബ്നുൽ ജൗസിയുടെ ജനനം.

'ഇബ്നുൽ ജൗസി' എന്ന് ലോകത്ത് അറിയപ്പെടുന്ന മഹാപണ്ഡിതന്റെ യഥാർഥ നാമം ജമാലുദ്ദീൻ അബുൽ ഫറജ് അബ്ദുറഹ്മാൻ ബിൻ അലി എന്നാണ്. ഖുറൈശി ഗോത്രക്കാരനായ ഇദ്ദേഹത്തിന്റെ വംശപരമ്പര അവസാനിക്കുന്നത് ഇസ്‌ലാമിക ലോകത്തെ പ്രഥമ ഖലീഫ അബൂബക്റി(റ)ലേക്കാണ്. ബാഗ്ദാദിൽ ജനിച്ച ഇദ്ദേഹത്തെ പടിഞ്ഞാറൻ ബാഗ്ദാദിലെ 'ഫുർദ്വത്തുൽ ജൗസ്' എന്ന സ്ഥലത്തേക്ക് ചേർത്തു വിളിക്കുന്നതിനാലാണ് 'ഇബ്നുൽ ജൗസി' എന്ന നാമം വിഖ്യാതമായത്. മൂന്നാം വയസ്സിൽ പിതാവിന്റെ വിയോഗത്തോടെ അനാഥനായ ഇദ്ദേഹം പിന്നീട് വളർന്നത് പിതൃസഹോദരിയുടെ സംരക്ഷണയിലാണ്. പിതാവിന്റെ വിയോഗാനന്തരം ഇബ്നുൽ ജൗസിയുടെ മാതാവ് വീണ്ടും വിവാഹിതയായതിനാൽ പിതൃസഹോദരി അദ്ദേഹത്തെ സ്വമേധയാ ഏറ്റെടുക്കുകയായിരുന്നു. സ്വന്തം മാതാവിൽനിന്ന് ലഭിക്കേണ്ടുന്ന ശ്രദ്ധയും പരിചരണവും ലാളനകളും നൽകുന്നതിൽ പിതൃസഹോദരി ഒട്ടും പിശുക്ക് കാണിച്ചില്ല. പ്രാഥമിക വിദ്യാഭ്യാസത്തിനായി അദ്ദേഹത്തെ 'മസ്ജിദ് അബിൽ ഫദ്വൽ ഇബ്നുനാസ്വിറി'ലേക്ക് അയച്ചതും പിതൃസഹോദരിയാണ്. അവിടെവച്ച് അദ്ദേഹത്തിന് ഗുരുനാഥന്റെ ശിക്ഷണവും പരിലാളനയും അങ്ങേയറ്റത്തെ പിന്തുണയും ലഭിക്കുന്നതോടൊപ്പം, അറിവിന്റെ ആദ്യപാഠങ്ങൾ നുകരാനും വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കാനും സൗഭാഗ്യമുണ്ടായി.

പിതാവിന്റെ അനന്തരസ്വത്തിന്റെ ആധിക്യം ഇബ്നുൽ ജൗസിയുടെ അറിവന്വേഷണത്തിന് കരുത്ത് പകർന്നു. മറ്റാരെയും ആശ്രയിക്കാതെ അറിവിൻ പാതകൾ അനായാസം താണ്ടിക്കട


ക്കാൻ അദ്ദേഹത്തിന് സാധിച്ചു. സമ്പത്തിന്റെ ആധിക്യം അദ്ദേഹത്തെ അശ്രദ്ധനാക്കിയില്ല. ഉണക്കറൊട്ടിയും പച്ചവെള്ളവുമായിരുന്നു പഠന കാലത്തെ പ്രധാന ഭക്ഷണം. ചെറുപ്പം മുതൽക്കേ ഭയഭക്തിയും അറിവ് നേടാനുള്ള ത്വരയും കൈമുതലാക്കിയതിനാൽ കളിതമാശകളിൽ വിഹരിക്കാൻ അദ്ദേഹം സമയം കണ്ടെത്തുമായിരുന്നില്ല. ചെറുപ്രായത്തിൽതന്നെ പണ്ഡിത കേസരികളായ ഗുരുനാഥരിൽനിന്നും ബൃഹത്തായ ഗ്രന്ഥങ്ങൾ പഠിക്കാനുള്ള അവസരം ലഭിച്ചത് അദ്ദേഹത്തിന്റെ യശസ്സുയർത്തി.

'സ്വയ്ദുൽ ഖാത്വിർ' എന്ന വിഖ്യാത ഗ്രന്ഥം രചിക്കുന്നതിനോടകം തന്നെ ഇരുപതിനായിരം വാള്യങ്ങൾ താൻ വായിച്ചിട്ടുണ്ടെന്ന അദ്ദേഹത്തിന്റെ പ്രസ്താവന ശ്രദ്ധേയമാണ്.

കർമശാസ്ത്രം, ഹദീസ്, തർക്കശാസ്ത്രം, തഫ്സീർ, ചരിത്രം, സാഹിത്യം തുടങ്ങി ഒട്ടനവധി വിജ്ഞാനീയങ്ങളിൽ നൈപുണ്യം നേടിയ അദ്ദേഹത്തിന്റെ വിജ്ഞാന സദസ്സുകൾ ജനനിബിഢമായിരുന്നു. അദ്ദേഹത്തിന്റെ വിജ്ഞാന സാഗരത്തിൽനിന്ന് മധുനുകരാൻ സാധാരണക്കാർക്കും പണ്ഡിതന്മാർക്കും പുറമെ ഖലീഫമാരും മന്ത്രിമാരും നേതാക്കളുമൊക്കെ വന്നെത്തുമായിരുന്നു.

**പ്രധാന ഗുരുവര്യന്മാർ**

അബ്ബാസിയ്യാക്കളുടെ തലസ്ഥാന നഗരിയായ ബാഗ്ദാദ് വൈജ്ഞാനിക വിപ്ലവത്തിന് സാക്ഷ്യം വഹിച്ച മണ്ണുകൂടിയാണ്. വിദ്യാഭ്യാസ വിചക്ഷണരും ഗ്രന്ഥാലയങ്ങളും തിളങ്ങിനിൽക്കുന്ന, വളക്കൂറുള്ള മണ്ണിൽ വളർന്നതിനാൽ പഠനാവശ്യാർഥം ധാരാളം യാത്രകൾ നടത്തേണ്ടി വന്നിരുന്നില്ല. കഴിവും മികവുമുള്ള എൺപതിലധികം ഗുരുക്കന്മാരിൽനിന്നും അദ്ദേഹം വിജ്ഞാനം സ്വായത്തമാക്കുകയും അവരെ പരാമർശിച്ച് പ്രത്യേകം ഗ്രന്ഥം രചിക്കുകയും




കർമശാസ്ത്ര മേഖലയിൽ അദ്ദേഹം ഹമ്പലി മദ്ഹബ് സ്വീകരിച്ചുവെങ്കിലും, അക്വീദയുടെ അകക്കാമ്പായ അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങളുടെ വിഷയത്തിൽ അഹ്ലുസ്സുന്നയുടെ ആദർശം പരിപൂർണമായി സ്വീകരിക്കുന്നതിൽ അദ്ദേഹത്തിന് നാമമാത്രമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്.

ചെയ്തു. പ്രധാനപ്പെട്ട ഗുരുനാഥന്മാരുടെ പേരുകൾ താഴെ കൊടുക്കുന്നു:

1. അബൂബക്ർ മുഹമ്മദ് ഇബ്നു അബ്ദുൽബാഖി.
2. അൽമസ്റഈ എന്ന നാമത്തിൽ പ്രസിദ്ധനായ അബൂബക്ർ മുഹമ്മദ് ഇബ്നു ഹസൻ.
3. അബുൽ ഹസൻ അലിയ്യ് ഇബ്നു അബ്ദുൽവാഹിദ്.
4. അബുൽ ഫതഹ് അബ്ദുൽ മലിക് ഇബ്നു അബുൽ ക്വാസിം അൽ ഖറൂഈ.
5. അബൂ സഅദ് അഹ്മദ് ഇബ്നു മുഹമ്മദ്.

**പ്രധാനപ്പെട്ട ശിഷ്യന്മാർ**

പണ്ഡിതന്മാരുടെ സൂക്ഷിപ്പ് സ്വത്തുക്കൾ അവരുടെ ശിഷ്യഗണങ്ങളാണ്. ഗുരുനാഥൻമാരോട് വർഷങ്ങളോളം സഹവസിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ശിഷ്യന്മാർ തന്നെയാണ് ഗുരുനാഥന്മാരുടെ വിജ്ഞാനീയങ്ങളും ഗ്രന്ഥങ്ങളും സമൂഹത്തിന് സംഭാവന ചെയ്യാറുള്ളത്. ലോകത്തിന്റെ ഗുരുനാഥനായ മുഹമ്മദ് നബി (സ്വ)യുടെ ജീവിതം ലോകത്തിന് വരച്ചു കാണിച്ചത്. തങ്ങളുടെ വിജ്ഞാനം നുകരുന്ന അനേകായിരം ശിഷ്യന്മാരിൽനിന്നും സ്മരിക്കപ്പെടുന്നതും അറിയപ്പെടുന്നതും അൽപം ചിലയാളുകൾ മാത്രമാണെന്നുള്ളത് സ്വാഭാവികം. ഇപ്രകാരം ഇബ്നുൽ ജൗസിയിൽനിന്നും ശിഷ്യത്വം നേടാൻ ഭാഗ്യം സിദ്ധിച്ച ചിലർ:

1. അൽഹാഫിദ് അബ്ദുൽ ഗനിയ്യ് ഇബ്നു അബ്ദുൽവാഹിദ്.
2. യൂസുഫ് ഇബ്നു ഖസ്അലി.
3. അഹ്മദ് ഇബ്നു അബ്ദുദ്ദാഇം.

**സുപ്രധാന ഗ്രന്ഥങ്ങൾ**

മഹാരഥന്മാരായ പണ്ഡിതന്മാരുടെ അമൂല്യനിധിയും പിൻതലമുറക്കാർക്ക് അറിവുനേടാനുള്ള പാഥേയവുമാണ് അവർ ബാക്കിയാക്കിയ ഗ്രന്ഥങ്ങൾ.

ഇബ്നുൽ ജൗസി(റഹി)യും വിലപ്പെട്ട ഗ്രന്ഥങ്ങൾ ലോകത്തിനു സമ്മാനിച്ചിട്ടുണ്ട്. ക്വുർആൻ നിദാനശാസ്ത്രം, ഹദീസ്, ചരിത്രം, കർമശാസ്ത്രം, ഗോളശാസ്ത്രം തുടങ്ങിയ ഒട്ടനവധി വിഷയങ്ങളിലായി മുന്നൂറോളം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ കരങ്ങളാൽ വിരചിതമായിട്ടുണ്ട്.

'സ്വയ്ദുൽ ഖാത്വിർ,' 'തൽബിസു ഇബ്ലീസ്,' 'അൽ മൗദൂആത്ത്,' 'സ്വിഫതു സ്വഫ്വ' തുടങ്ങിയവ അവയിൽ ഏറെ പ്രസിദ്ധിയാർജിച്ചവയാണ്.

കർമശാസ്ത്ര മേഖലയിൽ അദ്ദേഹം ഹമ്പലി മദ്ഹബ് സ്വീകരിച്ചുവെങ്കിലും, അക്വീദയുടെ അകക്കാമ്പായ അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങളുടെ വിഷയത്തിൽ അഹ്ലുസ്സുന്നയുടെ ആദർശം പരിപൂർണമായി സ്വീകരിക്കുന്നതിൽ അദ്ദേഹത്തിന് നാമമാത്രമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്.

**വിയോഗം**

ചരിത്രമുറങ്ങുന്ന ബാഗ്ദാദിന്റെ മണ്ണിനോട് അദ്ദേഹം യാത്ര ചോദിച്ചത് ഹിജ്റാബ്ദം 597ലെ റമദാൻ മാസത്തിലായിരുന്നു.



കവിത

# കോണി

അബൂഹനൂൻ
: 9495467259

കുറെ പടവുകൾ
ചേർത്തുവെച്ചതാണ്
കോണി.
ചേർന്നുനിൽക്കുന്ന
പടവുകൾ ചവിട്ടിയാണ്
പലരും ഉയരത്തിലെത്തുന്നത്.
ചിലപ്പോൾ നാം ചിലർക്ക്
പടവുകളായി മാറും;
മറ്റു ചിലപ്പോൾ
ചിലർ നമ്മൾക്കും.
ചില ഭാരങ്ങൾ താങ്ങാൻ
കഴിയാതാവുമ്പോൾ
ഇട്ടെറിഞ്ഞ് പോയാലോ
എന്ന് വിചാരം!
അവിടെ നഷ്ടപ്പെടുന്നത്
ഒരു പടവാണ്,
പടവ് നഷ്ടപ്പെട്ടാൽ
കോണിക്കെന്ത് പ്രസക്തി?
വരും തലമുറക്കായാണ്
പടവുകൾ നാം
താണ്ടിയകലുന്നത്.
വന്ന പടവുകൾ
മറക്കാതിരുന്നാൽ
അത് നന്ദിയായി.
പടവുകൾ തിരിഞ്ഞ്
നോക്കി വിനയപ്പെടുമ്പോൾ
അടുത്ത പടവിൽ
കയറാനുള്ള ഊർജമായി.
ശക്തി, ചേർന്നു നിൽക്കുന്നതിലാണ്;
ചോർന്നു പോകുന്നതിലല്ല!




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 AUGUST 20

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

